# പാരിജാതം

പുസ്തകം 2 | ഇടവം 1124 | ലക്കം 10


## മംഗളം.

[പരേതനായ പ്രസിദ്ധകവി, കാത്തുള്ളിൽ അച്യുതമേനോൻ.]

താളം പിടിച്ചു തരളാക്ഷികളൊത്തുതുള്ളു-
മോളം കവിഞ്ഞ യമുനാപുളിനത്തിൽ നിത്യം
മേളത്തൊടൊത്തു കളിയാടിയ കണ്ണനുണ്ണി
നീളത്തിലുള്ള മിഴി നമ്മളിൽ നിർത്തിടട്ടേ!

## ദേശകാലങ്ങൾ.

(ശ്രീ. പി. എൻ. മൂസ്സത്, ബി. എ, എൽ. ടി.)

ദേശകാലങ്ങളെന്താണ്? ദേശകാലങ്ങൾ വിഷയസ്വരൂപങ്ങളാണെന്നു ചിലരും വിഷയിഗതങ്ങളാണെന്നു മററുചിലരും പറയുന്നു. ദേശകാലങ്ങൾ വിഷയങ്ങളാണെന്നു പറയുന്നതിനർത്ഥം അവ, ഭാവപദാർത്ഥങ്ങളാണെന്നാണ്. അഭാവപദാർത്ഥങ്ങൾ വിഷയങ്ങളാകുന്നതല്ലല്ലോ. എന്നാൽ ചിലരുടെ പക്ഷത്തിൽ പദാർത്ഥങ്ങളെന്ന നിലയ്ക്ക് അവയ്ക്കു സത്തയില്ലെല്ലെന്നും അവ കേവലം പദാർത്ഥങ്ങളുടെ ധർമ്മങ്ങളാണെന്നും കാണുന്നു. എങ്കിലും ഏതു പദാർത്ഥങ്ങളുടെ ധർമ്മങ്ങളാണിവയെന്നു വിശദമല്ല. എന്നുമാത്രമല്ല, ഏതു പദാർത്ഥങ്ങളുടെ അഭാവത്തിലും ഇവ തിരോഭവിയ്ക്കുന്നതുമില്ല. വസ്തുക്കളുടെ അഭാവത്തിൽ അവയുടെ ധർമ്മങ്ങളും അപ്രത്യക്ഷമാകണമല്ലോ. ഇത്രയും പറഞ്ഞതിൽനിന്ന്, ദേശകാലങ്ങൾ അഭാവസ്വരൂപങ്ങളോ പദാർത്ഥധർമ്മങ്ങളോ അല്ലെന്നു സിദ്ധിയ്ക്കുന്നു. അതിനാൽ അവ പദാർത്ഥങ്ങൾതന്നെ എന്നു നിശ്ചയിക്കാം. വിഷയങ്ങളായിത്തീരുന്നുവെന്ന പക്ഷംപിടിച്ച് ഇവയ്ക്ക് ഭാവത്വം കല്പിക്കാമെങ്കിലും പദാർത്ഥങ്ങളെന്നനിലയ്ക്ക് ഇവയെ ചിന്തിക്കുക സാധ്യമല്ല. ധർമ്മങ്ങളുള്ളതിനെക്കുറിച്ചേ ചിന്തിക്കുവാൻ തരമുള്ളു. നമ്മുടെ ബോധാവസ്ഥയിൽ ചില ആഘാതപ്രത്യാഘാതങ്ങളുളവാക്കുന്നതുകൊണ്ടു മാത്രമേ അഭാവപദാർത്ഥത്തിൽനിന്നു ഭാവപദാർത്ഥത്തെ വേർതിരിക്കാൻ കഴിയൂ. ആ പ്രത്യാഘാതങ്ങളുടെ ഫലപരിണാമസ്വരൂപമനുസരിച്ച് ആ വസ്തുവിന്ന് ചില ധർമ്മങ്ങളും നാം കല്പിയ്ക്കുന്നു. ഇത്തരം ധർമ്മങ്ങളുടെ അഭാവത്തിൽ പദാർത്ഥബോധം വ്യ

ങ്ങിക്കുന്നതുമില്ല. അപ്പോൾ ദേശത്തിന്റെ ധർമ്മമെന്തു്? വ്യാപ്തി എന്നൊന്നു മാത്രം. ദേശത്തിന്നു് വ്യാപ്തിയുണ്ടു് എന്നു പറയുന്നതിന്നർത്ഥം ദേശം ദേശത്തിൽ തന്നെയിരിക്കുന്നു എന്നല്ലേ? അങ്ങനെയായാൽ പദാർത്ഥത്തിനും ധർമ്മത്തിനുമെന്തുഭേദം? അതുകൊണ്ടു് ദേശത്തിനു് ഒരു ധർമ്മം കല്പിയ്ക്കാൻ പ്രയാസമാണു്. സമയത്തിനും അങ്ങനെതന്നെ. ഇങ്ങനെ ധർമ്മങ്ങളില്ലാത്തതുകൊണ്ടു മാത്രമാണോ ഇവ പദാർത്ഥങ്ങളല്ലെന്നു പറഞ്ഞതു്? അല്ല. മറെറാരു സംഗതികൂടിയുണ്ടു്. അറിയപ്പെട്ട സർവ്വപദാർത്ഥങ്ങളും പരിമിതങ്ങളാണു്. എന്നാൽ ദേശകാലങ്ങൾക്കു പരിമിതി കല്പിയ്ക്കാൻ തരമില്ല. പരിമിതിയുടെ അഭാവവും അവയിൽ ഘടിക്കയില്ല. പരിമിതമല്ലാത്ത ദേശത്തെക്കുറിച്ചു് മനസ്സിൽ ഒരു സങ്കല്പം ഉണ്ടാകയില്ല. പക്ഷെ അതേസമയത്തുതന്നെ, അപ്പുറം സ്ഥലമില്ലാത്തതായ ഒരതിർത്തിയെക്കുറിച്ചും നമുക്കു ചിന്തിക്കവയ്യ. അതുപോലെതന്നെ ദേശത്തിന്റെ വിഭാജ്യതയ്ക്കൊരതിർത്തി കല്പിക്കാൻ പ്രയാസം. എന്നാൽ അനന്തമായ വിഭാജ്യത അതിനുള്ളതായും സങ്കല്പിച്ചുകൂടാ. കാലത്തിന്റെ സ്ഥിതിയും ഇങ്ങനെതന്നെ. അതുകൊണ്ടു ദേശകാലങ്ങൾ ഭാവപദാർത്ഥങ്ങളാണെന്നു കരുതുവാൻ ന്യായം കാണുന്നില്ല. എങ്കിലും അവ അഭാവരൂപങ്ങളോ ചില വസ്തുധർമ്മങ്ങളോ ആണെന്നും പറകവയ്യ. പ്രാതിഭാസികനിലയിൽ അവയ്ക്കു സത്തയുണ്ടെന്നു നമുക്കു സമ്മതിക്കേണ്ടിവരുമെങ്കിലും വസ്തുസത്താബോധത്തെ ചിന്തയിൽ ഉദ്ദീപിപ്പിക്കുന്ന സ്ഥിതികളുടെ പരിധിയിൽ അവ പെടുന്നതുമില്ല.

അതുകൊണ്ടു സ്ഥലകാലങ്ങൾ വിഷയിഗതങ്ങളാണു്, അതായതു അന്തഃകരണത്തിന്റെ ചില പ്രതിഭാസങ്ങളാണു് എന്നു് പറയാമോ? ഇങ്ങനെ ചെയ്താൽ ചെറിയ വിഷമതകൾ കടക്കാൻവേണ്ടി നാം വലിയവയിൽ ചെന്നുചാടും. ദേശകാലങ്ങൾ വിഷയിഗതങ്ങളാണെന്നു സമ്മതിച്ചാൽ അവ വിഷയങ്ങളല്ലെന്നു സിദ്ധമായി. അവ കേവലം വിഷയിഗതങ്ങളാണെങ്കിൽ അവയെ നമ്മുടെ ബോധാവസ്ഥയിൽനിന്നു നിർമ്മാർജ്ജനം ചെയ്വാൻ സാധിക്കണം. ഇതസാദ്ധ്യമാണെന്നനുഭവമാണല്ലോ. ദേശകാലങ്ങൾ ബാഹ്യവർത്തികളാണെന്നാണു് ബോധാവസ്ഥയിൽനിന്നു ലഭിക്കുന്ന വേദനം. മനസ്സിന്റെ അഭാവത്തിൽകൂടി അവയ്ക്കു ഭാവം സംഭവിയ്ക്കുമെന്നു് ചിന്തിയ്ക്കവയ്യാത്തവിധത്തിൽ അവ സ്വതന്ത്രങ്ങളായിരിക്കയും ചെയ്യുന്നു. നമ്മുടെ ബോധാവസ്ഥയ്ക്കു വിഷയങ്ങളാണവയെന്നുവന്നാൽ അതേസമയത്തുതന്നെ അവ ബോധാവസ്ഥയുടെ രൂപങ്ങളാവുന്നതെങ്ങനെ? ദേശകാലങ്ങൾ നമ്മുടെ ചിന്തയ്ക്കുള്ള ഉപാധികളാണെങ്കിൽ ദേശകാലങ്ങളെക്കുറിച്ചു തന്നെ ചിന്തിയ്ക്കുമ്പോൾ നമ്മുടെ ചിന്ത നിരുപാധികമാകുമല്ലോ. നിരുപാധികമായ ചിന്തയുണ്ടാകുമെങ്കിൽ പിന്നെ ദേശകാലങ്ങൾ ചിന്തോപാധികളാണെന്ന പക്ഷം അപസിദ്ധാന്തവുമാകും. ഇങ്ങനെ നിരൂപിച്ചാൽ സ്ഥലകാലങ്ങൾ അനിർവ്വചനീയസ്വരൂപങ്ങളാണെന്നുവരും. നമുക്കവയെക്കുറിച്ചുള്ള ജ്ഞാനം, അജ്ഞാനമാണെന്നു വെളിപ്പെടുകയും ചെയ്യും.

നമ്മുടെ ചിന്ത എപ്പോഴും സാപേക്ഷമാണു്. നിരപേക്ഷമായ നിലയിൽ ഒന്നിനെക്കുറിച്ചും ചിന്തിക്കവയ്യ. വസ്തുസ്വരൂപത്തെക്കുറിച്ചുള്ള നമ്മുടെ ബോധത്തിൽ പല ബന്ധവൈചിത്ര്യങ്ങളും അന്തർഭവിയ്ക്കുന്നു. സാമ്യം, വൈഷമ്യം തുടങ്ങിയ ഈ ബന്ധങ്ങളുടെ അഭാവത്തിൽ ഏതു വസ്തുവിന്റെയും സ്വരൂപബോധം ഉളവാകുന്നില്ല. ബന്ധങ്ങളെ സാമാന്യമായി രണ്ടു വിഭാഗമാക്കാം 1) പൌർവ്വാപര്യം. 2) സഹവർത്തിത്വം. ബോധാവസ്ഥയുടെ ഓരോ മാററത്തിലും പൌർവ്വാപര്യബന്ധമാണുണ്ടാവുന്നതു്. ഒന്നിനോടു ബന്ധപ്പെട്ടനിലയിൽ അതിനോടൊപ്പം ഉത്ഥാനംചെയ്തു ബോധാവസ്ഥയിൽ വർത്തിക്കുന്ന ബന്ധത്തിന്നു് സഹവർത്തിത്വബന്ധം എന്നു പറയുന്നു. പൌർവ്വാപര്യത്തിന്റെ കേവലഭാവത്തിന്നു് കാലം എന്നും സഹവർത്തിത്വത്തിന്റെ കേവലഭാവത്തിന്നു് ദേശം എന്നും സംജ്ഞകൾ നല്കിയിരിക്കുന്നു. ചിന്തയിൽ കാലം എന്നതു പൌർവ്വാപര്യത്തിൽനിന്നു വേർപെട്ടതല്ല. അതുപോലെ ദേശം എന്നതു സഹവർത്തിത്വത്തിൽനിന്നു വ്യതിരിക്തമല്ല എന്നാൽ ദേശകാലങ്ങളെക്കുറിച്ചുള്ള നമ്മുടെ ബോധം സവികല്പകബോധങ്ങളിൽനിന്നു നിർവ്വികല്പബോധങ്ങളുണ്ടാവുന്ന മട്ടിലാണെന്നാണു്.

ദേശത്തെക്കുറിച്ചുള്ള നമ്മുടെ ബോധം സഹവൃത്തികളായ സ്ഥിതികളുടെ ബോധമാണു്. ഏതെങ്കിലും ഒരു ദേശഭാഗം നാം സങ്കല്പിയ്ക്കുന്നതു്, അതിന്റെ അതിർത്തികൾ ചില ബന്ധപ്പെട്ട സ്ഥിതികളിൽ സഹവർത്തിക്കുന്നു എന്ന നിലയ്ക്കാണു്. അതിന്റെ അതിർത്തികൾ എന്തുതന്നെയായാലും സമീപത്തുള്ള സ്ഥിതികളോടു സഹവർത്തനം ഉള്ള നിലയ്ക്കു അവയെ നമുക്കു സങ്കല്പിച്ചുകൂടൂ. സ്ഥിതി എന്നതു ഒരു ഭാവപദാർത്ഥമല്ല. അതുകൊണ്ടു്, ദേശം എന്ന ബോധം ഉള

# കണി കണ്ടു.

—*തുള്ളൽപ്പാട്ടു രീതി.*—

(വിദ്വാൻ, ശിരോമണി, ശ്രീ. കെ. എൻ. നമ്പീശൻ.)

നീലവനമാലയാലാവൃതമായ
ശ്രീ "ശബരിഗിരി" തടസീമയിൽ
വാഴുമയ്യപ്പനെ-പുള്ളിപ്പുലിക്കുമേൽ
കേറിയിരിക്കും ഹരിഹരപുത്രനെ-
ക്രൂരിരുൾച്ചാർത്തിലെപ്പൊന്നിൻവിളക്കിനെ-
വാരുററ നിലക്കടലിലെ രത്നത്തെ-
ആ കല്യമാകും വിഷുദിനകാല്യത്തിൽ
ഹാ! കണി കണ്ടു വിടർന്നിതെൻ കണ്ണുകൾ.

പൂതമാം ഭക്തിതൻ തീർത്ഥവാരിക്കകം
സ്നാതമാമെൻമനം കോൾമയിർക്കൊണ്ടുപോയ്.
കാരുമ്മവെയ്ക്കും ഗിരിതടത്തൂടെ ഞാനു
കേറിയിരിക്കുന്ന കാരുഗമിക്കയായ്.
മഞ്ജുളമാകും മുകിലിന്റെ കൂട്ടവും
മഞ്ഞിൻനിരയും പുളുന്നുകൊണ്ടങ്ങനെ
പച്ചക്കടലുകണക്കെ കിടക്കുന്ന
റബ്ബർമരങ്ങൾ നിറഞ്ഞുള്ള തോട്ടവും
ഛായച്ചെടി നിരയാലെ നിബിഡമായ്
ആയാമമേറുന്ന കുന്നിൻ പുറങ്ങളും
പാരം വിശാലമായ് കേവലം പുല്ലുകൾ
ചേരും മഹാഗിരിച്ചാർത്തിൻതടങ്ങളും
താണ്ടിക്കടന്നു വളഞ്ഞുപിരിഞ്ഞുള്ള
നീണ്ടനിരത്തൂടെ കാറുഗമിക്കയായ്.

കാടൊന്നു പാടിക്കയറിമറിഞ്ഞു ഞാൻ
നീട്ടററ മാമലച്ചാർത്തിൻ പുറങ്ങളിൽ
ചോലതെളുകുളിർത്തണ്ണീർക്കുടിച്ചുമേ
മാലയശീതളക്കാററുമുണ്ടുമേ
ശ്രീനൃത്താദേവത നൃത്തം ചവിട്ടുന്നൊ-
രുന്നതമാകും പരിസരം കണ്ടുമേ
കാൽനടയായി നടന്നിട്ടൊട്ടുവൊരു
കാന്താരമേകാന്ത ശാന്തമണഞ്ഞു ഞാൻ.

പാരമിരുണ്ടു കുളിർമ കലർന്നതായ്
പൂരിതമുന്നതദാരുനിരകളാൽ
ഭീകരം വ്യാഘ്രഗജാദിമൃഗങ്ങൾ ത-
ന്നാകരം പക്ഷിഗണരവസംശ്രിതം
കാനനമധ്യമാർഗ്ഗത്തൂടെ കുത്തനെ
കീഴ്പ്പോട്ടിറക്കം ഒട്ടുദൂരം ഗമിക്കവെ,
കാഴ്ചകൾ കഴിഞ്ഞു വിയർപ്പണിമെയ്യുമായ്
ചെല്ലുമെൻകണ്ണിന്ന് ലക്ഷ്യമായ്ത്തീർന്നുപോയ്
നീലവനമാലയാലാവൃതമായ
ശ്രീലശബരിഗിരിദേവമന്ദിരം
ആകമ്രനാകും ഹരിഹരപുത്രനെ
ഹാ! കണികണ്ടു മുദബ്ധിയിലാണ്ടു ഞാൻ.

---

വാക്കുന്ന സഹവർത്തിസ്ഥിതികൾക്കു യഥാർത്ഥത്തിൽ സത്തയില്ല. അവ സഹവർത്തിത്വത്തിന്റെ കേവലഭാവങ്ങളാകുന്നു. ഇങ്ങനെ ദേശത്തെക്കുറിച്ചുള്ള ബോധം സാപേക്ഷമത്രെ. ദേശത്തിന്നൊരു കേവലഭാവംഉണ്ടോ? സനാതനസത്തയുടെ ഒരു രൂപമാണോ ദേശം? എന്നീ ചോദ്യങ്ങൾക്കു സമാധാനം പറവാൻ സാധിക്കയില്ല. ദേശം എന്നതു സാപേക്ഷമായ ഒരു യാഥാർത്ഥ്യമാണെന്നു മാത്രമേ പറവാൻ കഴിയൂ. കാലത്തിന്റെ സ്ഥിതിയും ഇപ്രകാരമാണെന്നു ഗ്രഹിക്കേണ്ടതാണ്.

മേലെഴുതിയതു മുഴുവനും ദേശകാലങ്ങളെക്കുറിച്ചുള്ള ഹെർബെർട്ടുസ്പെൻസർ എന്ന തത്വജ്ഞന്റെ പക്ഷമാണ്. അദ്ദേഹം തന്റെ നിരൂപണംകൊണ്ടു സമർത്ഥിച്ചിരിക്കുന്നതു ദേശകാലങ്ങളുടെ സ്വരൂപം അജ്ഞാതമാണെന്നാണ്. യഥാർത്ഥത്തിൽ ഒരു വസ്തുവിന്റെ സാക്ഷാൽ സ്വരൂപവും നമുക്കു അറിഞ്ഞുകൂടാ. നാം അറിയുന്നതു വസ്തുക്കളുടെ നാമരൂപങ്ങളും ഗുണധർമ്മങ്ങളും ആണ്. അവ നീക്കംചെയ്താൽ അവശേഷിക്കുന്നതെന്തെന്നു നമുക്കു അറിവില്ല. ദേശവും കാലവുംസാപേക്ഷങ്ങളാണ്. രണ്ടും അനന്തങ്ങളുമാകുന്നു. പക്ഷേ സാപേക്ഷമായ നിലയിൽ നാം അവയെ അറിയുന്നു. അനന്തമായ നിലയിൽ നമ്മുടെ മനസ്സിന് അവയെക്കുറിച്ചു ഒരെത്തുംപിടിയും കിട്ടുന്നതല്ല. പൌർവ്വാപര്യബന്ധമാണ് കാലബോധത്തിനു കാരണമെന്നു സ്പെൻസർ പറഞ്ഞിട്ടുള്ളതു ശരിയാണ്. സമാധിസുഷുപ്ത്യവസ്ഥകളിൽ പൌർവ്വാപര്യബന്ധമില്ലാത്തതിനാൽകാലബോധവുമില്ല. നമ്മുടെ താർക്കികന്മാർ ദേശകാലങ്ങളെ ഭാവപദാർത്ഥങ്ങളാക്കിക്കണക്കാക്കിയിട്ടുണ്ടെങ്കിലും അതിനു സൂക്ഷ്മചിന്തയിൽ ദോഷമുണ്ടെന്നു ഹെർബർട്ടു സ്പെൻസർ സൂചിപ്പിച്ചിരിക്കുന്നു. അവ ഭാവപദാർത്ഥങ്ങളെന്നോ അഭാവപദാർത്ഥങ്ങളെന്നോ പറഞ്ഞുകൂടെന്നും അവ കേവലം അനിർവ്വചനീയസ്വരൂപങ്ങളാണെന്നും സ്പെൻസർ പറയുന്നു.

# എന്റെ സാഹിത്യസ്മരണകൾ.

## XV

[ശ്രീ. പി. വി. കൃഷ്ണവാരിയർ, കോട്ടയ്ക്കൽ]

ധന്വന്തരിയുടെ ആരംഭവും അതിന്റെ പ്രവൎത്തനരീതിയും ഉററുനോക്കിക്കൊണ്ടിരുന്ന സ്ഥിരഭജനങ്ങളിൽ പ്രധാനഗണനീയനാണ് കെ. സി. മാനവിക്രമൻ ഏട്ടൻ എന്ന ഇപ്പോഴത്തെ മൂന്നാല്പാട്ട തമ്പുരാൻ. "ഡി. സി." എന്ന പേരിൽ സുപ്രസിദ്ധനായ ഇദ്ദേഹത്തെപ്പററി ഈ ലേഖനപരമ്പരയിൽതന്നെ ഒരു ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുമുണ്ട്. കോഴിക്കോട്ടുള്ള വാണിജ്യവിദ്യാലയത്തിൽ ചേൎന്ന്, വാണിജ്യശാസ്ത്രവിദഗ്ദ്ധനായിരുന്ന കെ. സുബ്രഹ്മണ്യയ്യരുടെകീഴിൽ വ്യാപാരവിഷയങ്ങളെല്ലാം പഠിച്ചു Deplcma e in commerce എന്ന ബിരുദം സമ്പാദിച്ച ഈ തമ്പുരാന് തന്റെ പഠിപ്പു പരോപകാരപ്രദമാക്കിത്തീൎക്കണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നു. അതു സാധിക്കുവാൻ ആ വക വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു പത്രമോ മാസികയോ നടത്തുകയല്ലാതെ നിവൃത്തിയില്ലല്ലോ. ആദ്യംമുതല്ക്കു എന്നെക്കുറിച്ചു വളരെ വാത്സല്യവും വിശ്വാസവുമുണ്ടായിരുന്ന തിരുമേനി, ഈ കാൎയ്യം സാധിക്കുവാനുള്ള മാൎഗ്ഗം എന്നോടാലോചിച്ചു. ധന്വന്തരിക്കു പൂൎണ്ണവിജയം കണ്ടതുകൊണ്ടാണ് അദ്ദേഹം ഇത് എന്നോട് ആലോചിച്ചത്. മാത്രമല്ല, ഒരു കണക്കിൽ അദ്ദേഹം നിൎബ്ബന്ധമായി ആവശ്യപ്പെടുകതന്നെയാണുണ്ടായത് എന്നുകൂടി പറയാം. മേൽപറഞ്ഞ സുബ്രഹ്മണ്യയ്യരുടെകീഴിൽ ഞാനും ഒരുകൊല്ലത്തോളം പ്രസ്തുത വിഷയങ്ങളിൽ ചിലതു പഠിച്ചിരുന്നതിനാൽ എനിക്കും ഇതിലൊട്ടും വൈമനസ്യമുണ്ടായില്ല. ഇങ്ങനെ ഞങ്ങൾ രണ്ടാളുംകൂടി ആലോചിച്ചു 1081 പുക്കചിങ്ങം 1-ാംനു-മുതല്ക്കു ഒരു മാസിക നടത്തുവാൻ തീൎച്ചപ്പെടുത്തി. അതാണ് "ലക്ഷ്മീവിലാസം."

ഏതു രാജ്യത്തും ദാരിദ്ര്യം നീങ്ങി ധനപുഷ്ടിയുണ്ടാകണമെങ്കിൽ അവിടത്തെ കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയെ കഴിയുന്നതു പുഷ്ടിപ്പെടുത്തുകതന്നെ വേണം. ഒരു കാലത്തു ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പല രാജ്യക്കാൎക്കും ഭക്ഷണം, വസ്ത്രാധാരണം മുതലായ അത്യാവശ്യവസ്തുക്കൾക്കുപോലും ഏകാവലംബമായിരുന്ന നമ്മുടെ ഇന്ത്യാരാജ്യം അധഃപതിക്കുവാനും, അന്യരാജ്യക്കാൎക്കടിമപ്പെടുവാനും കാരണങ്ങൾ പലതുമുണ്ടെങ്കിലും, ഇന്നു നാം അനുഭവിക്കുന്ന നിത്യദാരിദ്ര്യത്തിന്നു ക്ഷാമബാധകൾക്കും പ്രധാനകാരണം നമ്മുടെ കൃഷിവ്യവസായങ്ങളിൽ കാണിച്ച അനാസ്ഥയാണെന്നു സാമ്പത്തികശാസ്ത്രവിദഗ്ദ്ധന്മാർ സമൎത്ഥിച്ചിരിക്കുന്നു. എന്നാലീവകസംഗതികൾ നാട്ടുകാൎക്കു മനസ്സിലാക്കിക്കൊടുക്കുകയും, ഇനിമേലിലെങ്കിലും നമ്മുടെ കൃഷി, വ്യവസായം, വ്യാപാരം ഈ വക വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധവെക്കുന്നതിന്നു വേണ്ടുന്ന ഉപദേശങ്ങൾ നല്കുകയും ആണ് മാസികയുടെ ഉദ്ദേശ്യം. ചുരുക്കത്തിൽ, ധനസംബന്ധമായ സകല വിഷയങ്ങളെയും ലളിതഭാഷയിൽ പ്രതിപാദിക്കുന്ന ഏക മലയാളമാസികയാണ് ലക്ഷ്മീവിലാസം എന്നു പറയാം. സമ്പത്തിന്റെ അധിഷ്ഠാനമൂൎത്തിയായ ലക്ഷ്മീഭഗവതിയുടെ പേർ ഇതിന്നു ഘടിപ്പിക്കുവാനുള്ള കാരണവും അതുതന്നെയാണ്.

1081 പുക്കചിങ്ങംമുതൽക്കാരംഭിച്ച ലക്ഷ്മീവിലാസം 1094 കൎക്കടകംകൂടി 14 സംവത്സരം ശരിയായി നടന്നിട്ടുണ്ട്. അതിന്റെ പത്രാധിപത്യം വഹിച്ചിട്ടുള്ളതു ഡി. സി. തമ്പുരാൻതന്നെ. റോയൽ 8 വലിപ്പത്തിൽ 5 ഫാറം അതായത് 40 ഭാഗമാണ് ഓരോലക്കം മാസികയ്ക്കുമുണ്ടായിരുന്നത്. ഒരു കൊല്ലത്തെ വരിസംഖ്യ മൂന്നുറുപ്പികയുമായിരുന്നു. പത്രാധിപർ സാധാരണയായി രണ്ടു ലേഖനം എഴുതിത്തന്നിരുന്നതുകൊണ്ടു 12 ഭാഗത്തിന്ന് ഒരിക്കലും ബുദ്ധിമുട്ടുണ്ടാകുമാറില്ല. ശേഷം ലേഖനങ്ങൾ ഉണ്ടാക്കണം. അതുകൊണ്ട് ധന്വന്തരിക്കെന്നപോലെ, ലക്ഷ്മീവിലാസത്തിന്നും ആദ്യകാലത്തു കുറെ ലേഖനങ്ങൾ സ്വന്തമായിത്തന്നെ എഴുതേണ്ടിവന്നിരുന്നു. അതുപ്രകാരം പ്രസ്തുത മാസികയിൽ ഈ ലേഖകൻ സ്വന്തം പേർവെച്ചും, വെയ്ക്കാതേയും, മറെറാരു പേർധരിച്ചും എഴുതി പ്രസിദ്ധപ്പെടുത്തിട്ടുള്ള ലേഖനങ്ങൾ അനവധിയാണ്. "ലക്ഷ്മീദാസ്" എന്ന പേരിൽ കാണുന്ന "പലവക", പ്രസാധകക്കുറിപ്പുകൾ, പ്രസ്താവനകൾ ഈ വകയ്ക്കു ഈ ലേഖകനല്ലാതെ മററാരും ഉത്തരവാദികളല്ലതന്നെ. ഈ കൂട്ടത്തിൽ "ഒരു ദേശാഭിമാനി" എന്ന പേർവെച്ചെഴുതി

യിരുന്ന ഒന്നാംപുസ്തകത്തിലെ "സ്വദേശിബഹളം" എന്ന ലേഖനം സ്വദേശിഭ്രമം മൂർഛിച്ചിരുന്ന അക്കാലത്തു ചിലരുടെ ആക്ഷേപത്തിന്നും അധിക്ഷേപത്തിന്നുതന്നെയും പാത്രമായിട്ടുണ്ടെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. കഴ്സൻ പ്രഭുവിന്റെ ബങ്കാളവിഭജനത്തെത്തുടൎന്ന് ഇന്ത്യയിലൊട്ടാകെ ഉണ്ടായ പ്രക്ഷോഭത്തിന്റെഫലമായ ആ ഭ്രമം നിമിത്തം, വാണിജ്യവ്യവസായങ്ങളിൽ വല്ല സാഹസവും നാം പ്രവൎത്തിച്ചാൽ ചില വിഷയങ്ങളിൽ, പ്രത്യേകിച്ചു അന്നത്തെ കണക്കുപ്രകാരം ഈ രാജ്യത്തുള്ള 40 കോടി ജനങ്ങളുടെ വസ്ത്രധാരണവിഷയത്തിൽ, കുറച്ചു ബുദ്ധിമുട്ടുവരാതിരിക്കയില്ലെന്നും, അതുകൊണ്ടു് അതിന്നുള്ള നിവാരണോപായങ്ങൾ ആദ്യംതന്നെ ചിന്തിക്കേണമെന്നും മറ്റുമായിരുന്നു എന്റെ ആ ലേഖനപരമ്പരയിൽ പ്രതിപാദിക്കപ്പെട്ടിരുന്നതെന്നു ഞാനോൎക്കുന്നു. എന്റെ അഭിപ്രായം പ്രബലപ്പെടുത്തുവാനുള്ള കണക്കുകളും മറ്റു രേഖകളും ഞാനതിൽ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നിട്ടും ചിലരാക്ഷേപിച്ചതിന്റെ അൎത്ഥം ഭ്രമത്തിന്നു പകരമില്ലല്ലോ എന്നു മാത്രമാണെന്നു കാൎയ്യവിവരമുള്ളവർ അന്നു സമാധാനിച്ചതായും അറിയുവാനിടവന്നിട്ടുണ്ടു്.

ലക്ഷ്മീവിലാസം ആരംഭിക്കുന്നഘട്ടത്തിൽ ഗവൎമ്മെണ്ടും കൃഷിവിഷയത്തിൽ ചിലതൊക്കെ പ്രവൎത്തിക്കുന്നുണ്ടായിരുന്നു. അതിന്റെ ഫലമായി നാട്ടിൽ ഓരോ പ്രത്യേകസ്ഥലങ്ങളിലായി പല കൃഷിസംഘങ്ങളുമുണ്ടാകുവാനിടവന്നു. അവയ്ക്കെല്ലാം ലക്ഷ്മീവിലാസത്തിന്റെ പ്രസിദ്ധീകരണംകൊണ്ടു വളരെ പ്രോത്സാഹനവും പ്രയോജനവും സിദ്ധിച്ചു. അതുപോലെതന്നെ വൻകിടയിലുള്ള വ്യവസായങ്ങളെപ്പററിയും, കുടിൽവ്യവസായങ്ങളെക്കുറിച്ചും ചൎച്ചചെയ്തിരുന്നതുകൊണ്ടു് ആ വകയിലേൎപ്പെട്ടിരുന്നവൎക്കും ഇതൊഴിച്ചുകൂടാത്തതായി. വ്യാപാരവിഷയത്തിലും വേണ്ടുന്നതതോപദേശങ്ങൾചെയ്തും, പുതിയ പദ്ധതികൾ കാണിച്ചും കച്ചവടക്കാരെ സഹായിക്കുവാൻ ഇതിന്നു കഴിഞ്ഞിരുന്നു.

ഇങ്ങനെ അക്കാലത്തു് എല്ലാംകൊണ്ടും അത്യാവശ്യമായിരുന്ന ഈ മാസികക്കു് ആദ്യകാലത്തെല്ലാം കൊച്ചിതിരുവിതാംകൂർ ഗവൎമ്മേണ്ടുകളിൽനിന്നും നല്ല സഹായം ലഭിച്ചിരുന്നു. ക്രമേണ അതില്ലാതായി. ആ രാജ്യങ്ങളിൽ ഗവൎമ്മേണ്ടിന്റെ ആഭിമുഖ്യത്തിൽതന്നെ കൎഷകരെന്നമാസികം മുതലായ പ്രസിദ്ധീകരണങ്ങളാരംഭിച്ചതോടുകൂടി അവർ ലക്ഷ്മീവിലാസത്തിന്നു ചെയ്തിരുന്ന സഹായം പിൻവലിച്ചു. മലബാറിലെ കൃഷിസമാജങ്ങൾ ഓരോന്നായി ക്ഷയിച്ചതുകൊണ്ടു് ആ സഹായവും ഇല്ലാതായി. ജന്മികളും വ്യവസായപ്രമുഖന്മാരുമായ അല്പം ചിലരെ മാത്രമല്ലാതെ യഥാൎത്ഥകൃഷകരെ സമീപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതായിരുന്നു ലക്ഷ്മീവിലാസത്തിന്റെ ഒരൊററ ന്യൂനത. അതുനിമിത്തം ക്രമത്തിൽ വരിക്കാർ കുറഞ്ഞതിനാൽ 14 കൊല്ലത്തിന്നുശേഷം മാസിക നിൎത്തൽചെയ്തു.

ലക്ഷ്മീവിലാസം മാസികനിമിത്തം ഭാഷാസാഹിത്യത്തിന്നു ചില വലിയ നേട്ടങ്ങളുമുണ്ടായിട്ടുണ്ടെന്നു ആൎക്കും സമ്മതിക്കാതെ കഴിയില്ല. ഇതിന്നുമുമ്പ് ഭാഷയിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ചില ശാസ്ത്രപുസ്തകങ്ങൾ ലക്ഷ്മീവിലാസത്തിന്റെ സന്താനങ്ങളായി ജനിക്കുവാനിടവന്നിട്ടുണ്ടു്. ഈ കൂട്ടത്തിൽ ധനശാസ്ത്രം ഒന്നും രണ്ടും ഭാഗങ്ങൾ, കണക്കുവെക്കുന്ന രീതി (Book Keeping), സസ്യശാസ്ത്രം, മലയാളത്തിലെ ജന്മികൾ എന്നിവ പ്രത്യേകം ഗണിക്കപ്പെടാവുന്നവയാണു്. കൃഷി മുതലായ വിഷയങ്ങളെപ്പററിയുള്ള ചില ലഘുപുസ്തകങ്ങളും മററും ഇതിന്നു പുറമെയുണ്ടു്. ആദ്യം തന്നെ പ്രത്യേകപുസ്തകമാക്കി പ്രചരിപ്പിച്ചിരുന്ന ഇവയെല്ലാം ക്രമത്തിൽ വിററുതീൎന്നതോടുകൂടി ഇപ്പോൾ ലുപ്തപ്രചാരങ്ങളായിരിക്കയാണു്. കേരളത്തിലെ വ്യവസായികളിൽ പ്രഥമഗണനീയനായ ഏ. കെ. ടി. കെ. എം. നാരായണൻ നമ്പൂതിരിപ്പാട്ടിലേക്കു "മലയാളത്തിലെ ടാററ" എന്ന പേർ കൊടുത്തു് ആ മഹാന്റെ ജീവചരിത്രം ഈ ലേഖകനെഴുതിയതാണു് ലക്ഷ്മീവിലാസഗ്രന്ഥാവലിയിലെ ഒന്നാമത്തെ പുസ്തകം എന്നുകൂടി ഈ ഘട്ടത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ ഗ്രന്ഥാവലി വകയായി ആകെ പത്താളം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടു്.

കോഴിക്കോട്ടുള്ള ഇന്നത്തെ വാണിജ്യവ്യവസായവിഷയങ്ങളിൽ പ്രധാനപ്രവൎത്തകനും, ശില്പവിദ്യാവിദഗ്ദ്ധനുമായ റാവുബഹദൂർ വി. കെ. മേനോൻ ബി. ഏ. ലക്ഷ്മീവിലാസത്തിന്റെ ആരംഭകാലത്തും പിന്നെ കുറച്ചുകാലവും സിംഗപ്പൂരിലായിരുന്നു പ്രവൎത്തിച്ചിരുന്നതു്. അവിടെനിന്നു് അദ്ദേഹം "ചീനക്കാർതാണതരം പിഞ്ഞാണങ്ങളുണ്ടാക്കുന്നമാതിരി, "വത്തിനെ വളൎത്തൽ" മുതലായ പല വിശിഷ്ടലേഖനങ്ങളും അയച്ചുതരികയുണ്ടായിട്ടുണ്ടു്. കൃഷിവിഷയത്തിൽ ബിരുദം നേടിയ അദ്ദേഹവും ഞാനുംതമ്മിൽ ആദ്യം കണ്ടുമുട്ടലമുണ്ടായ പരിചയമാണു് ഇതിന്നു കാരണം. ശ്രീ. മേ

# കുമാരസംഭവം.

[രതിവിലാപം—4-ാം സർഗ്ഗം-തർജ്ജമ—തുടർച്ച]

(സർദാർ, കെ. എം. പണിക്കർ, എം. എ [ഓക്സൺ], ബാർ-അററ്-ലാ.)

കൊങ്കത്തടങ്ങൾ ഞെരിയുംപടി നെഞ്ചലച്ചു
വാവിട്ടു കേണിതവനെസ്സതി കണ്ടനേരം
ഏവർക്കുമാധിപരമുററവർ തൻെറമുമ്പിൽ
ദ്വാരംതുറന്നപടി ചീക്കുവതെന്നുഞായം. 26

ചൊല്ലീവസന്തനൊടു സങ്കടമാർന്നിവണ്ണം
"കണ്ടാലുമങ്ങയുടെ തോഴനു വന്നതെല്ലാം
പ്രാവിൻെറ വർണ്ണമിയലുന്ന തദീയഭസ്മം
കാററത്തു ഹന്ത! തരിയായ് പതറുന്നവല്ലോ. 27

തന്നാലുമിന്നു തവദർശനമിങ്ങു നില്പൂ.
കാണാൻകൊതിച്ച മിഴിയോടുമിതാ വസന്തൻ
നിൽക്കായ്കിലും ദയിതയിൽപ്രണയം നരന്നു
നിശ്ചഞ്ചലം മമതയുണ്ടു സുഹൃജ്ജനത്തിൽ. 28

സേവിച്ചടുക്കൽ മരുവുന്നിവനേകനല്ലോ
സാമർത്ഥ്യദൈർഘ്യമലകാകവെയൊന്നുപോലെ
താർന്തൂലുമൊണ്ടുമൃദുവാംമലരമ്പുമായ
വില്ലാൽ നടത്തിടുവതിന്നു തവാജ്ഞയെല്ലാം. 29

പോയീവസന്ത, ബത! കാററടിയാൽ പൊലിഞ്ഞ
ദീപംകണക്കിനിവരാതെ ഭവൽസഖസ്സൻ
ഞാനോ, കരിഞ്ഞ തിരിയെന്നതുപോലെയായി;
നോക്കു കൊട്ടുംവ്യസനധൂമിളയാകുമെന്നെ. 30

വിട്ടിട്ടൊരാം സ്മരനെയിന്നു വധിച്ചദൈവം
പാതിക്കൊലയ്ക്കു തുനിയാൻ നിരുപിച്ചതാമോ?
താനാശ്രയിച്ചപെരുതാം തരുവെഗ്ഗജേന്ദ്രൻ
ഭഞ്ജിക്കിൽ വല്ലരിനിലത്തുപതിക്കയില്ലേ? 31

എന്നാലൊരുമ്പെടുകബന്ധുജനോചിതം നിൻ
കർത്തവ്യമിപ്പൊഴതുചെയ്യുതിനൊന്നുമാത്രം
ദുഃഖാർത്തയാകുമിവളെച്ചിതമേൽകരേററി
വേഗാലയയ്ക്കുകപതിയ്ക്കുന്നയാത്രയായി. 32

പോകുന്നുകൌമുദി ശശാങ്കനൊടൊത്തുതന്നെ
മേഘത്തൊടൊത്തു മറയുന്നു തടിത്തുമേവം
നിശ്ചേതനങ്ങളിലുമിപ്രമദാജനങ്ങൾ
ഭർത്താക്കൾതൻ വഴിയിൽമാത്രമഹോ! ഗമിപ്പൂ. 33

---

ഞാൻ മലയാളത്തിലേക്കു തിരിച്ചുവന്നു കോഴിക്കോട്ടു സ്ഥിരതാമസമാക്കി കോഴിമുട്ട വിരിയിക്കുന്ന പുതിയ സമ്പ്രദായവും മററും തുടങ്ങിയ ശേഷമാണു ഞങ്ങൾ തമ്മിൽ നേരിട്ടുകണ്ടു സുഹൃത്തുക്കളായതു്. അന്നുമുതലുള്ള സൌഹാർദ്ദം ഇന്നും നിലനിന്നുവരുന്നതുമുണ്ടു്. ഇപ്പോൾ ചീനയിൽ ഇന്ത്യാഗവമ്മേണ്ടിൻെറ പ്രതിപുരുഷനായി താമസിക്കുന്ന സുപ്രസിദ്ധസാഹിത്യകാരനായ ശ്രീ. കെ. എം. പണിക്കരുടെ സൌഹാർദ്ദവും ഇത്തരത്തിൽതന്നെ സമ്പാദിക്കപ്പെട്ടതാണ്. സർദാർ പണിക്കർ ലക്ഷ്മീവിലാസം തുടങ്ങിയകാലത്തു് ഇംഗ്ലണ്ടിൽ പഠിച്ചു താമസിക്കുകയായിരുന്നു. പഠിപ്പു പൂർത്തിയായിരുന്നുവോ എന്നിപ്പോൾ നല്ല നിശ്ചയമില്ല. മലയാളമായി ബന്ധം വിട്ടിട്ടു കാലം കുറെ കഴിഞ്ഞതിനാലും, ഭാഷയിൽ പാണ്ഡിത്യം സമ്പാദിക്കുവാൻ അവസരം കിട്ടാതിരുന്നതുകൊണ്ടും സർദാർ പണിക്കരാവശ്യപ്പെട്ടപ്രകാരം ഞാൻ ചില ഭാഷാപുസ്തകങ്ങൾ അന്നയച്ചുകൊടുക്കുകയുണ്ടായിട്ടുണ്ടു്. ഇദ്ദേഹവും ലക്ഷ്മീവിലാസത്തിലേക്കു് ലേഖനസഹായം ചെയ്തിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ.

ഇങ്ങനെ രണ്ടുമാസികകൾ നിയമേന അച്ചടിക്കുവാനുണ്ടായപ്പോൾ സ്വന്തമായിത്തന്നെ ഒരച്ചുക്കൂടവും അച്ചടിക്കുവാനുള്ള സാമഗ്രികളും അത്യാവശ്യമാണെന്നു തോന്നി. അതിന്നുവേണ്ടതായ മൂലധനമുണ്ടാക്കുവാൻ ഡി. സി. തമ്പുരാനും ഞാനുംകൂടി ഒരു കുറി പിരിച്ചു. ആ സംഖ്യകൊണ്ടു് നിരത്തുവക്കത്തു് ഒരു ചെറിയ സ്ഥലം വാങ്ങി ആപ്പീസ്സിന്നും അച്ചുക്കൂടം സ്ഥാപിക്കുവാനുമായി ഒരു പുതിയ എടുപ്പുണ്ടാക്കുകയും, അച്ചടിയന്ത്രവും സാമഗ്രികളും വരുത്തുകയും ചെയ്തു. അതിന്നു ലക്ഷ്മീവിലാസം എന്ന പേരിടുവാനാണാദ്യമുദ്ദേശിച്ചിരുന്നതെങ്കിലും, ആ പേരിൽ കോഴിക്കോട്ടു് ഒരു പ്രസ്സുണ്ടെന്നറിഞ്ഞതിനാൽ "ലക്ഷ്മീസഹായം" എന്നാണു് നാമകരണം ചെയ്തതു്. അതുവരെ തൃശ്ശൂർക്കു കൊണ്ടുപോയച്ചടിച്ചിരുന്ന ധന്വന്തരിയും ലക്ഷ്മീവിലാസവും അന്നുമുതല്ക്കു് ഇവിടെവെച്ചു് അടിച്ചു നടത്തിത്തുടങ്ങുകയും ചെയ്തു.

—?o?—

പൂശിട്ട ഞാൻ മലകളിൽ ഹൃദയപ്രിയന്റെ
ചാരുത്വമാർന്നു വിലസുന്നൊരു ഗാത്രഭസ്മം
ചെന്തീയിലെന്റെ തനു നവം തളിർമെത്തയിൽപോൽ
ഇപ്പോം സമർപ്പണവിധിക്കു തുടർന്നുകൊള്ളാം. 34

നീ, മുൻപു ഞങ്ങൾ മലർമെത്ത വിരിച്ചിടുമ്പോൾ
എത്രസ്സഖേ, സൗമ്യ, പലനാൾ തുണ ചെയ്തിരുന്നു
യാചിച്ചിടുന്നു തൊഴുകയ്യൊടു ഞാനിദാനീം
സജ്ജീകരിക്ക ചിതമേ സദയം ജവേന. 35

എൻ കൈ കൊളുത്തിയൊരു തീ ജവമായ് ജ്വലിയ്ക്കു-
ട്ടുമ്പോടു ദക്ഷിണസമീരണവീജനത്താൽ
അങ്ങയ്ക്കു തീർച്ചയറിയാം സ്മരനെന്നൊവട്ടു
വാഴില്ലഹോ! ക്ഷണികമെങ്കിലുമെന്നകാന്തും. 36

ചെയ്തിട്ടിതൊക്കെയവിടുന്നു തരേണ്ടതല്ലോ
ഞങ്ങൾക്കു സമ്പ്രതി ജലാഞ്ജലിയൊന്നുമാത്രം
ആ വെള്ളമങ്ങയുടെ തോഴർ നുകർന്നുകൊള്ളും
സ്വർഗ്ഗത്തിലെന്നൊടൊരുമിച്ചു പകുത്തിടാതെ. 37

ശേഷക്രിയയ്ക്കുതകിടും തളിർ ചേർന്ന മാംപൂ-
വല്ലിക്ക മാധവ, നിതാന്തമനാഗനായി
നിൻ സ്നേഹിതന്നു പുതുമാംപ്രസവത്തിലേറും
മുൻപ്രീതിയെന്നതുഭവാനറിയാവതല്ലോ.” 38

ദേഹം ത്യജിപ്പതിനിവണ്ണമൊരുങ്ങി നിൽക്കും
ചെന്താർശരപ്രിയതമയ്ക്കു ശരീരിവാണി
നീർവററിയേറെ വിഷമിച്ചൊരു മീനിനാദ്യം
പെയ്യുന്ന മാരിയതുപോലനുകമ്പയേകി. 39

“പുഷ്പായുധപ്രിയതമേ, വലുതാം വിളംബം
കൂടാതെ കാന്തനെ നിനക്കു ലഭിച്ചുകൊള്ളും
കേട്ടാലുമീശനയനാഗ്നിയിലംഗജന്മാ-
വേതൊന്നുകൊണ്ടു ശലഭത്വമണഞ്ഞതെന്നായ്. 40

മുന്നം വിരിഞ്ചനു മനസ്സിളകി, സ്വപുത്രി
തന്നിൽ പെരുത്തൊരഭിലാഷമുണർത്തിപോലും
വേഗം വികാരമതടക്കിയജൻ ശപിച്ചു
കൊണ്ടാണിതിൻ ഫലമനംഗനു വന്നതെന്നോ. 41

എന്നോ തപസ്സുവഴി, ചൊല്ലിവരുന്നതെന്ന്
മുക്കണ്ണനെഗ്ഗിരിജ വശ്യമാക്കിടുന്നു
അന്നാശ്ശിവൻ സുഖമറിഞ്ഞവലമ്പനെത്തൻ
ദേഹത്തിനോടു പിണക്കിയണച്ചുകൊള്ളും. 42

ധർമ്മം പറഞ്ഞു പരമാത്മനതെയ്യുമൂലം
ശാപത്തിനന്ത്യതിപത്തുമവൻ വിധിച്ചു
മേഘങ്ങളും യമികളും കൊടുമിന്നലിന്നും
വെള്ളത്തിനും ശമിയൊരേവിധമായ് നിദാനം. 43

മേലാൽ വരും പ്രിയസമാഗമമാത്തു കൊണ്ടു
കാന്താംഗി നിന്റെ തനു നീ പരിരക്ഷ ചെയ്ക
നീർവററിയുള്ള നദിയും ജലപൂർണ്ണമായി
ത്തീരുന്നു വേനലവസാനമണഞ്ഞിടുമ്പോൾ.” 44

ഏവം രതിക്കു മരണത്തിലുറച്ച ബുദ്ധി-
യില്ലാതെയാക്കിയൊരു ഭൂതമദൃശ്യരൂപൻ
ആ വാക്കു വെച്ചു മധു വകിയവർക്കു വണ്ടു-
മാശാപാശമനുകലരും മൊഴിയാലെയപ്പോൾ. 45

ദുഃഖത്തിനാൽ തനു ചടച്ചു നിശാഭമങ്ങി-
ക്കാണും ദിനാന്തകല സന്ധ്യയെയെന്നപോലെ
ആ പട്ടുരശ്ശുരതികാത്തു സമാഗമേച്ഛു
പ്രാണേശിയായ രതി വാണതു പിന്നെയന്നാൾ. 46

—?ം?—


## ജ്യോതിഷകാര്യാലയം.

നാട്ടരശൻകോട്ട, രാമനാഡ് ജില്ല.

---

ആവശ്യോന്മുഖങ്ങളായ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമയച്ചുതരുവാൻ ആദ്യം മൂന്നുറുപ്പികമാത്രം.
പിന്നീടുള്ള ഓരോ ചോദ്യങ്ങൾക്കും ഫീസ്സ് 8ണ വീതം.

### മാന്യരേ! ഞങ്ങളുടെ കാര്യാലയത്തിൽ

ഗ്രഹസ്ഫുടഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ 10ക. ഭാവസ്ഫുടവും ഗ്രഹസ്ഫുടവും ഗണിതം ചെയ്തെഴുതുന്നതിന്ന് ഫീസ്സ് 20ക ബലപിണ്ഡംവരെ ഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ് 50ക. ആയുർദ്ദായം ഗണിതം ചെയ്ത് നക്ഷത്രദശാള്കതികാലവിചിന്തനത്തിൽക്കൂടി എഴുതുന്ന സമ്പൂർണ്ണജാതകത്തിന്ന് ഫീസ്സ് 150ക. ആവശ്യമനുസരിച്ച് പരഹിതം, ദൃക്ക്, ഗണിതനിർണ്ണയം (പുതിയമുറ) എന്നീ പദ്ധതികളിൽക്കൂടി ഗണിതംചെയ്ത് കൊടുക്കുന്നതാണ്.

എന്ന് വിശേഷപ്രവർത്തകന്മാർ:— ശ്രീ. കെ. എം. ബാലകൃഷ്ണൻ; ശ്രീ. കെ. കെ. സുകുമാർ.

# സോക്രട്ടീസ്സ്.

(ശ്രീ. പി. ഗോവിന്ദമേനോൻ, ബി. എ.)

സോക്രട്ടീസ്സിന്റെ ആദ്യകാലചരിത്രത്തെപ്പററി നമുക്ക് അധികമൊന്നും അറിവില്ല. അറിവുണ്ടെന്നു നടിച്ചു നടക്കുന്നവരുടെ കഴിവില്ലായ്മയെ തെളിയിക്കുവാൻ അവരോടുതന്നെ സംവാദങ്ങൾ നടത്തി അവർക്കു ബോധംവരുത്തി, മററുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങളൊന്നും വകവെയ്ക്കാതെ, സത്യാന്വേഷണത്തിൽമാത്രം അതിശ്രദ്ധാലുവായി, മരണത്തിന്റെ ഭയങ്കരവക്ത്രത്തിൽ ആപതിക്കുമ്പോൾകൂടി മന്ദസ്മേരമുഖനായി, സുഖദുഃഖാദികളിൽ തുല്യനില പ്രദർശിപ്പിച്ചുകൊണ്ടു സ്ഥിരനിഷ്ഠയോടെ ജീവിതംനയിച്ച ഒരു മഹാനായിരുന്നു അദ്ദേഹം. ഏതാണ്ടു വാർദ്ധക്യദശ പ്രാപിച്ച സോക്രട്ടീസ്സിനെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തുന്നുള്ളു. അപ്പോഴെയ്ക്കും ഗ്രീക്കുചരിത്രത്തിൽ ഒരു പ്രധാനസ്ഥാനത്തിന്നവകാശിയായിത്തീർന്നു ആ തത്വഗ്രാഹി. പൊതുജനങ്ങൾക്കു യഥാർത്ഥമായ ഉണർവ്വുണ്ടാക്കിത്തീർപ്പാൻ യത്നിച്ച ആ വീരചരിതനെ തെററുകാരന്റെനിലയ്ക്കു വിചാരണചെയ്തു കാരാഗൃഹത്തിലിട്ടു വിഷം കുടിപ്പിച്ചു മൃതിപ്പെടുത്തുകയാണു് അന്നത്തെ ഭരണാധിപന്മാർ ചെയ്തതു്. ക്രിസ്തുവിന്റെ പ്രശാന്തരക്തത്തെ നുകർന്നിട്ടുകൂടി തൃപ്തിതീരാത്ത ലോകമല്ലേ ഇതു്!

ബി. സി. 469-ൽ അല്പം മുമ്പായിരുന്നു സോക്രട്ടീസ്സിന്റെ ജനനം. അദ്ദേഹത്തിന്റെ അച്ഛനായ സോഫ്രോണിസ്കസ്സ് ഒരു കൊത്തുപണിക്കാരനും അമ്മയായ ഫെനാറിററ ഒരു സൂതികയും ആയിരുന്നു. ബാലന്റെ ആദ്യകാലത്തെ പഠിപ്പിനെപ്പററി ഒന്നും അറിവില്ല. ആതൻസിന്റെ കീഴിലായിരുന്ന പോട്ടിഡെ എതിർപ്പിന്നു തുനിഞ്ഞപ്പോൾ അതിനെ അമർത്തുവാനായയക്കപ്പെട്ട സൈന്യത്തിൽ ഒരു ഭടനായി അദ്ദേഹം പോവുകയുണ്ടായി. അന്നു അദ്ദേഹത്തിന്നു നാല്പതു വയസ്സായിരുന്നു. പിന്നീടു പെലൊപ്പൊണീസിയൻ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു. യുദ്ധസംബന്ധമായ അനുഭവങ്ങൾ സഹനശക്തിയിലും മനുഷ്യപ്രകൃതിയുടെ വിളയാട്ടങ്ങളിലും വിലയേറിയ പാഠങ്ങൾ അദ്ദേഹത്തിന്നു നൽകുവാൻ പ്രയോജനപ്പെട്ടു. അക്കാലം ആതൻസ് പല രംഗങ്ങളിലും അത്ഭുതാവഹമായ പ്രശസ്തി നേടിക്കഴിഞ്ഞു. നിർമ്മാണകല, സാഹിത്യം, തത്വചിന്ത, രാഷ്ട്രീയപരിജ്ഞാനം തുടങ്ങിയ പല തുറകളിലും പേരും പെരുമയും പെററ പല പ്രവീണന്മാരും അവിടെ ഉല്ലസിച്ചിരുന്നു. സോക്രട്ടീസ്സിന്റെ സമകാലികന്മാരായിരുന്നു സോഫോക്ലിസ്സ്, യൂറിപ്പിഡിസ്സ് എന്നീ സാഹിത്യനായകന്മാർ. തൂസിഡൈഡിസ്സ് എന്ന ചരിത്രകാരനും, പെറിക്ലിസ്സ് എന്ന രാജ്യതന്ത്രജ്ഞനും. ഇക്ററിനസ്സ് എന്ന ശില്പിയും അക്കാലത്താണു ജീവിച്ചിരുന്നതു്. ഇവരെല്ലാമായി പരിചയത്തിന്നും സഹവാസത്തിന്നും സോക്രട്ടീസ്സിന്നു തരം വന്നിരിക്കണം. ബുദ്ധിപരമായ ഉണർവ്വു് ആതൻസിൽ സർവ്വത്ര വിലസിയിരുന്നു. ഗ്രീസിന്റെ നായികയായി ആ നഗരം വർത്തിച്ചിരുന്ന ഒരു ഘട്ടമായിരുന്നു അതു്.

സോക്രട്ടീസ്സിന്റെ വിദ്യാഭ്യാസകാലത്തെപ്പററി വിശദമായ വിവരമൊന്നുമില്ലെങ്കിലും, അദ്ദേഹത്തിന്റെ ബുദ്ധിശക്തി അസാമാന്യമായിരുന്നുവെന്നതിന്നു സംശയമില്ല. ചരിത്രം, തത്വജ്ഞാനം മുതലായ പല വിഷയങ്ങളിലും അദ്ദേഹം അപാരപാണ്ഡിത്യം നേടി. എന്നാൽ ജീവിതത്തെ സാരമായി സ്പർശിക്കുന്ന സംഗതികളിലാണു പ്രത്യേകം ശ്രദ്ധിക്കേണ്ടതെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ആവശ്യമില്ലാത്ത നാനാകാര്യങ്ങളെപ്പററി അറിയുവാൻ മിനക്കെട്ടു്, ഭാരംചുമക്കുന്ന കഴുതയെപ്പോലെ പണിപ്പെടുന്നതുകൊണ്ടെന്തുകാര്യമെന്ന് അദ്ദേഹം പലരോടും ചോദിച്ചിരുന്നു.

സോക്രട്ടീസ്സിന്റെ വിവേകം പരിപക്വമായിത്തീർന്നതോടുകൂടി അതു മററുള്ളവർക്കും ഉപയോഗപ്പെടത്തക്ക പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടുതുടങ്ങി. പക്ഷേ, അദ്ദേഹത്തിന്റെ പരന്ന മൂക്കും, മദലഹരി കളിയാടുന്നപോലുള്ള മുഖവും, മുഷിഞ്ഞ വസനവും, തെളിഞ്ഞ കണ്ണുകളും, ഒട്ടാകെയുള്ള വൈരൂപ്യവും പലർക്കും അനാകർഷകമായാണു തോന്നിയതു്. എന്നിരുന്നാലും, തനിക്കു നല്ലതെന്നു ബോധപ്പെട്ടതിൽ അടിയുറച്ചുനിൽക്കുവാനുണ്ടായിരുന്ന അദ്ദേഹത്തിന്റെ കെല്പു് ആർക്കും അത്ഭുതദായകംതന്നെയായിരുന്നു.

മരണത്തെയല്ല അധർമ്മത്തെയായിരുന്നു സോക്രട്ടീസ്സിന്നു ഭയം. അന്യരുടെ അപ്രീതി ഭയന്നു് അദ്ദേഹം സത്യത്തെ ഒരിക്കലും ഒളിച്ചുവെച്ചില്ല. "സെനററർ"

# ആ ദയനീയമായ കാഴ്ച.

(ശ്രീ. സി. പി. ഗോപിനാഥൻനായർ, ബി. എ. (ഓണേഴ്സ്)

മഴനീരൊലിക്കയാൽ നിർമ്മലമായിത്തെല്ലൊ-
രഴകേന്തിടും മട്ടിൽ മിന്നുമാനിരത്തിന്മേൽ
മങ്ങിയനിജാനനപ്രതിഛായകൾനോക്കി-
യങ്ങിനെനിന്നീടുന്നുവൈദ്യുതദീപസ്തംഭം.
മോടിയാർന്നിടും നിജസുന്ദരമുഖബിംബം
മൂടിയകരിമുകിൽത്തുകിലിന്നഗ്രങ്ങളിൽ
നേരിയവെള്ളിക്കരയിട്ടുകൊണ്ടന്നേരത്തും
ഹാരിയായ് കലാനാഥൻ പുഞ്ചിരിപൊഴിക്കവെ,
ആ സുവൃത്തനെയനുകരിപ്പാനെന്നോണം തൻ
ഭാസുരോദാരാഭമാം കിരണപ്രസരത്താൽ,
തൻതലയ്ക്കുപരിയായ് നില്പൊരുതരുവിന്റെ
പന്തലിച്ചെഴും ശീർഷമൊട്ടൊട്ടുവെളിവാക്കി,
നിന്നിടുമൊരുവിദ്യുദ്ദീപമെൻമനോരംഗ-
ത്തിന്നിലുമതിൻ കാന്തിപൂശിയപോലെതോന്നി
ഭാവനാസാമ്രാജ്യത്തിൽനിന്നുഞാൻതാഴത്തെത്തി-
യാവഴിനടക്കുമ്പോൾ നിന്നുപോയേകാന്തത്തിൽ
അല്പല്പ, വിജനമല്ലസ്ഥലം, മരച്ചോട്ടിൽ
തെല്ലകന്നീടും മൂന്നുരൂപങ്ങളതാമുമ്പിൽ:-
നോക്കിഞാൻ ദാരിദ്ര്യകരാംഗമാ, യെല്ലുംതോലു-
മാക്കിയായ്ത്തീർന്നുള്ളതാം മൂന്നിളം പെൺകുട്ടികൾ
അലിവാർന്നാരോ കൊടുത്തീടിന്നചോറുണ്ണുവാൻ
കലിതോത്സാഹം തുടങ്ങീടുകയാണന്നേരം.
ഘോരമാം ദൈന്യവും വാർന്നുപോയ് ചടവാർന്ന
ഹാരവെൺപൊടിപോലെ വിളർത്ത വക്ത്രത്തിങ്കൽ
പട്ടിണിക്കുഴിച്ചോരകുഴിയിലിമമാത്ര-
മാട്ടുവാൻ കഴിവാർന്നുകിടക്കും മിഴികളും,

---

എന്ന ഉദ്യോഗത്തിലിരുന്ന അവസരത്തിൽ ചില സൈന്യാധിപന്മാരെ ഒരു കുററത്തിനു ചാർജ്ജുചെയ്യണമെന്നു മററു പലരുടേയും പ്രേരണയുണ്ടായെന്നാകിലും അദ്ദേഹം അതു കൂട്ടാക്കിയില്ല. ആതൻസിൽ അല്പകാലം സ്വേച്ഛാധിപത്യം നിലവിലിരുന്നപ്പോൾ, അന്നത്തെ ഏകാധിപതികളുടെ കൊട്ടിനു തുള്ളുവാൻ കൂട്ടാക്കാതെ, അവരുടെ കുനയങ്ങളെ നിർഭയം എതിർത്തതിൽ പ്രഥമഗണനീയൻ അദ്ദേഹമായിരുന്നു. ഇത്തരം സ്വാതന്ത്ര്യവുംധീരവുമായ ഒരുപദ്ധതി അദ്ദേഹത്തിനു ശത്രുക്കളെ ഉണ്ടാക്കുന്നതിനും കാരണമായിത്തീർന്നു.

സോക്രട്ടീസിന്റെ ഭാര്യയുടെ സാന്തിപ്പി എന്നായിരുന്നു പേര്. അവരുടെ നാക്കിനു മൂർച്ചയും കൈക്കു പരുപരുപ്പും കുറെ ജാസ്തിയായിരുന്നുവത്രെ. അവരിൽ അദ്ദേഹത്തിനു മൂന്നു പുത്രന്മാർ ഉണ്ടായി. അദ്ദേഹത്തിന്റെ കുടുംബജീവിതം സുഖപ്രദമായിരുന്നില്ല. എങ്കിലും അനിഷ്ടകാരണങ്ങളെയൊന്നും വകവെയ്ക്കാതെ സ്വൈരമായി കഴിച്ചുകൂട്ടുവാൻ തത്വജ്ഞാനിക്കുണ്ടായിരുന്ന മിടുക്ക് ഒട്ടല്ലായിരുന്നു.

അക്കാലത്തുണ്ടായിരുന്നവരിൽ സോക്രട്ടീസ്സിനു തുല്യം ബുദ്ധിശക്തിയുള്ളവരെ കണ്ടെത്തുവാൻ സാധ്യമായിരുന്നില്ല. കണ്ടുമുട്ടുവാനിടവന്നവരുമായൊക്കെ അദ്ദേഹം വാദപ്രതിവാദങ്ങളിലേർപ്പെട്ട്, പ്രശ്നോത്തരങ്ങൾമൂലം സത്യാവസ്ഥയെ ശ്രോതാക്കൾക്കു വെളിപ്പെടുത്തി അവരെ നേർവഴിക്കു നടത്തുന്നതു തന്റെ കടമയായിട്ടാണ് അദ്ദേഹം കരുതിവന്നത്. മഹാജ്ഞാനിയായിരുന്ന അദ്ദേഹത്തിനു കുചേലത്വം കൂടപ്പിറപ്പെന്നപോലെത്തന്നെയായിരുന്നു.

ബി. സി. 399-ൽ അന്നത്തെ ഭരണാധികാരികൾ ഏതാണ്ടെഴുപതുതികഞ്ഞ സോക്രട്ടീസ്സിനെ കാരാഗൃഹത്തിലാക്കി. യുവാക്കളെ വഴി പിഴപ്പിക്കുന്നുവെന്നും, ആതൻസിലെ കുലദൈവങ്ങളെ വിശ്വസിക്കുന്നില്ലെന്നുമായിരുന്നു അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുററം. വേണമെങ്കിൽ തടവിൽനിന്നു ചാടിപ്പോകുവാൻ അദ്ദേഹത്തിനു തരമുണ്ടായിരുന്നു. പക്ഷേ, ഭീരുത്വം അദ്ദേഹം ഒരുഘട്ടത്തിലും തീണ്ടിയില്ല. വിഷംകഴിച്ചു മരിക്കാനായിരുന്നു വിധി. ആ ധീരൻ വിഷക്കോപ്പ സസന്തോഷം സ്വീകരിച്ചു, അതിലുള്ളതൊക്കെ കുടിച്ചു, യാതൊരു പരിഭ്രമവും കൂടാതെ, അറിഞ്ഞുകൊണ്ടുതന്നെ ഇഞ്ചിഞ്ചായി മരണപ്പെടുകയാണുണ്ടായത്. സത്യത്തിനുവേണ്ടി ജീവത്യാഗംചെയ്ത സോക്രട്ടീസ്സിന്റെ സ്മരണ ലോകയാത്രികർക്ക് എന്നും കെടാത്ത ഒരു മാർഗ്ഗദീപമായി പ്രശോഭിക്കുന്നു. ലോകാനുഗ്രഹവ്യഗ്രർക്കുണ്ടോ ഉടുപ്പു മാററുവാൻ പേടി!.

—o—

# എന്റെ കഥകളിസ്മരണകൾ.

(ശ്രീ. കുന്നേഴത്തു് പരമേശ്വരമേനോൻ.)

ഞാൻ പതിനാറുവയസ്സുമുതൽ ഏതാണ്ടൊരയ്മ്പത്തുവർഷത്തോളം കഥകളി കണ്ടിട്ടുണ്ട്. ഇയ്യിടെ കുറച്ചുകാലമായിട്ട കണ്ണിന്നു സുഖമില്ലാത്തതിനാലും മററും കളികൾക്കും ഉത്സവങ്ങൾക്കും പോകുവാനും ഉറക്കമൊഴിപ്പാനും പാടില്ലാത്ത നിലയിലാണ്. പോരെങ്കിൽ കളിയുടെ കഥയും ഒരു കഥയായി. രാജസ്വരൂപങ്ങളിലും പ്രഭുകുടുംബങ്ങളിലും മററും പ്രത്യേകം കളിയോഗങ്ങളുണ്ടായിരുന്നതൊക്കെ അസ്തമിച്ചു. അത്തരം മഹാന്മാരുടെ സംരക്ഷണത്താൽ നിലനിന്നുപോന്നതാണ് ഈ ഉത്തമകല. മുൻകാലങ്ങളിൽ സമ്പന്നന്മാർ അവരുടെ കുടുംബങ്ങളിൽ ശാസ്ത്രപണ്ഡിതന്മാരെയും, കാവ്യനാടകാലങ്കാരാദിസാഹിത്യവിദഗ്ദ്ധന്മാരെയും, നൃത്തഗീതനാട്യാദികലാകോവിദന്മാരെയും യഥായോഗ്യം മാനിച്ചു പാർപ്പിച്ച് അവരുടെ കീഴിൽ ശിഷ്യപരമ്പരയായി ആ വക വിദ്യാകലകളെ പോഷിപ്പിച്ചു രക്ഷിച്ചുവന്നിരുന്നു. അതിനാൽ അവയെല്ലാം നിലനിൽക്കുകയും ചെയ്തിരുന്നു. ഇന്നത്തെ പ്രഭുക്കന്മാർക്ക് ഈവകയിലല്ലാ ഭ്രമം. ഗാർഡൻപാർട്ടിയും മററും കഴിയ്ക്കുന്നതിലാണ്. ഇത്തരം വിദേശീയസംസ്കാരഭ്രമം നിമിത്തം നമ്മുടെ സ്വദേശീയവിദ്യാകലാദികൾ മിക്കതും-അല്ലാ മുഴുവനും-നശിച്ചുകഴിഞ്ഞു.

സാമൂതിരിപ്പാടന്മാരും പതിനെട്ടരക്കവികളും തളിയിൽ താനവും ഉദ്ദണ്ഡപണ്ഡിതനും കാക്കശ്ശേരിപ്പട്ടേരിയും മററുമെവിടെ? തൃപ്പൂണിത്തുറെ തിരുനാൾസദസ്സിന്റെയും ശാസ്ത്രപണ്ഡിതന്മാരുടെ വാദപ്രതിവാദഖണ്ഡനമണ്ഡനാദികോലാഹലങ്ങളുടെയും ഇന്നത്തെ സ്ഥിതിയെന്ത്? തിരുവനന്തപുരത്തു നവരാത്രിസദസ്സും തുലാഭാരദാനവും "അമ്പോടാറാറുസംവത്സരമതിവരും കാലമാരംഭമാകും കമ്പംകൈവിട്ടുസത്രം മുറജപ"വും ഇന്നെങ്ങിനെയിരിക്കുന്നു? ഇവയൊക്കെ ഇന്നും വേണ്ടപോലെ നടത്തിയിരുന്നുവെങ്കിൽ നമ്മുടെ സ്വദേശീയവിദ്യാകലാദികൾക്ക് ഇത്രമാത്രം നാശം വരികയില്ലായിരുന്നു.

തിരുവാതിര ഞാററുവേലയിൽ പെരുമഴയത്തു ഉടുത്തമുണ്ടു തളച്ചു കുത്തി ഒരു മുച്ചാൻവടിയുംകൊണ്ടു മുററത്തിറങ്ങിക്കളിച്ചുകയറുന്ന കാരണവന്മാരുടെ മെ

---

വേനലിൽ വാടിക്കഴഞ്ഞീടിനചെടിത്തണ്ടിൽ-
ഗ്ഗൂനമാ, യുണക്കിലപററിനില്പതുപോലെ
കീറിയതുകിലൊന്നുചേർന്നിട്ടും കൃശമെയ്യും
നീറിടും വികാരങ്ങൾപോലെഞാൻ സമീക്ഷിച്ചു.
ഇടയിലൊട്ടുക്കത്തെക്കുട്ടിതന്നിലയ്യോ നേ-
ക്കിടരാന്നതൻകയ്യുനീട്ടിത്താൻ രണ്ടാമത്തോൾ
"ഇനിയും നൽകീടുക ചോ"റെന്നുകഥിക്കയോ-
ണനിയന്ത്രിതബാഷ്പക്ലിന്നമാം മുഖത്തോടെ.
പാവമശ്ശിശുക്കളന്നാർജ്ജിച്ചോരാഹാരം ഹാ!
കേവലം വിശപ്പിനെയുണർത്താൻ പര്യാപ്തമായ്.
മൂത്തവൾ തനിക്കുള്ളൊരോഹരിയവൾക്കട-
നാത്തവാത്സല്യം നൽകിസ്സാന്ത്വനപ്പെടുത്തുന്നു.
ത്യാഗസുന്ദരമിതും ചെയ്യുവാൻ പ്രചോദന-
മേകിയസഹജാതസ്നേഹമേ! വെൽവൂതാക!
ഈ ദയാർഹമാംരംഗംനിസ്തബ്ധംനോക്കീടുമ-
പ്പാദപപ്രകാണ്ഡത്തിൻ പത്രപങ്ക്തിയിൽനിന്നും
നനുത്തകുളുർകാററുവീശുമ്പോളിടക്കിടെ-
ക്കനത്ത വെള്ളത്തുള്ളി വീണിരുന്നിതുപുറം
അഥവാ മരത്തിന്നുമിച്ചെറുപൈതങ്ങൾതൻ
വ്യഥകണ്ടലിവോലും കണ്ണുനീരുതിരുന്നോ!
താനിതിൻവണ്ണം മുമ്പുമെത്രയോകണ്ടിട്ടുണ്ടാ-
മീനിരാശ്രയരുടെ ജീവിതകഥകളെ
തന്നുടെ മൃദുശ്യാമകോമളത്തണൽ വിരി-
യൊന്നുതാനാശ്ശൈശവ, മാശ്രയിച്ചുന്നവേലം
സ്നേഹലാളനമെന്തെന്നറിയാ, തലക്ഷ്യമാ-
യാഹന്ത! വളർന്നുവന്നിട്ടുന്നോരല്ലീയിവർ?
സ്വൈരമായ്, നിശീഥചന്ദ്രജാലികയുടെ വിദ്യാ-
സാരത്തിൽ മയങ്ങിയ ലോകങ്ങളുറങ്ങുമ്പോൾ,
ഇവരോ വിശപ്പിന്നുശാന്തിനൽകുവാനാവാ-
ഞ്ഞവശസ്ഥിതിയാർന്നുകിടന്നുപിടയുന്നു!
"സ്വാതന്ത്ര്യം കൈവന്നുപോൽ!, ദാരിദ്ര്യപ്പിശാ-(ചിന്റെ
ബാധയിൽനിന്നുംരാജ്യം മുക്തമായിട്ടില്ലിന്നും!"
ഈ വിചാരത്തിൻ ഭാരം മനസ്സിൽ ചുമന്നുകൊ-
ണ്ടാവിലാശയനായി വിണ്ണിൽ ഞാൻകണ്ണോടിയ്ക്കേ
വാരിദനിരവീണ്ടുംവന്നുതിങ്ങിയമൂലം
വാനവുമതിൻഭാരം ചുമക്കുന്നതുകാണായ്.

ജ്ജിൽ ഒരു തുള്ളിവെള്ളം തുടച്ചുകളവാൻപോലുമുണ്ടാകയില്ല. അക്കാലമൊക്കെ പണ്ടേ കഴിഞ്ഞു.

ഇനി കഥകളിയെപ്പററി വല്ലതുമെഴുതുവാൻ ചെലവുചെയ്യുന്നസമയംകൊണ്ടു പത്തു കട വഴുതിനയും കുറെ വെണ്ടയ്ക്കയും നട്ടുപിടിപ്പിച്ചു വളമിട്ടു നനച്ചാൽ നല്ല സാമ്പാറും മെഴുക്കുപുരട്ടിയുംകൂട്ടിയുണ്ടു സുഖിക്കാം. ഓ! എനിക്കു തെററിപ്പോയി; അക്കാലവും പോയി. ഇഡ്ഡലിയും ദോശയും കാപ്പിയും കഴിച്ചു രസിക്കാം. അയ്യോ! അതും തെററി. അവിടവും കടന്നു. ബിസ്കററും, ബിസ്കിയും, സോഡയും, സിഗ്രററും എന്നാണു പറയേണ്ടതു്. ഇന്നത്തെ സ്ഥിതി ഇങ്ങിനെയൊക്കെയാണെങ്കിലും എന്റെ അനുഭവത്തിൽപ്പെട്ട കഥകളി വിദഗ്ദ്ധന്മാരിൽ ചിലരുടെ വിവരങ്ങൾ താഴെ കുറിക്കുന്നു.

പാട്ടുകാർ:-

1) തിരുവില്വാമല ശിവരാമഭാഗവതരുടെ മകൻ രാമസ്വാമിഭാഗവതർ. 2) അദ്ദേഹത്തിന്റെ പുത്രൻ അപ്പുക്കുട്ടൻഭാഗവതർ. ഇവർ രണ്ടുപേരും തൃപ്പൂണിത്തുറെ കോവിലകം കളിയോഗത്തിൽ പൊ(പ്പ)ന്നാനി പാട്ടുകാരായിരുന്നു. വേഷക്കാരെ ചൊല്ലിയാടിക്കുവാൻ അതിവിദഗ്ദ്ധന്മാരുമാണു്. പിഴച്ചുകയ്യോ കലാശമോ പ്രയോഗിച്ചാൽ സാമാന്യം വേഷക്കാരിൽ ചേങ്ങിലക്കോൽ മയക്കുവാൻ കുശലില്ലാത്തവരാണു്. രാമസ്വാമിഭാഗവതരുടെ കാല്ക്കൽ അഭിവാദ്യം ചെയ്യാതെ കേശവക്കുറുപ്പ് അരങ്ങത്തുകയറുകയില്ല. അദ്ദേഹം യൌവനമദ്ധ്യത്തിൽതന്നെ കാലയവനികയിൽ മറഞ്ഞു. ശിവരാമഭാഗവതരെ ഞാനൊരിക്കലേ കണ്ടിട്ടുള്ളു. അന്നു അദ്ദേഹം അതിവൃദ്ധനായിരിക്കുന്നു. അദ്ദേഹത്തിന്റെ പാട്ടു കേട്ടിട്ടില്ല. അദ്ദേഹം നീണ്ടുനിവന്ന ഒരു വലിയ മനുഷ്യനാണു്. രാമസ്വാമിഭാഗവതരുടെകാലശേഷമാണു് അപ്പുക്കുട്ടൻ ഭാഗവതൎക്കു പ്രാമാണ്യം സിദ്ധിച്ചതു്. അദ്ദേഹത്തിനു അരങ്ങത്തുള്ള ചടങ്ങുകളെല്ലാം അറിയാം. അത്യാവശ്യം ചെണ്ടയും മദ്ദളവും പ്രയോഗിപ്പാനും പ്രയാസമില്ല. ഇവരുടെ പാട്ടു് പഴയ നാടൻ മട്ടിൽ ഏററവും തെളിഞ്ഞു സൎവ്വസമ്മതമായ രീതിയിലാണു്. പാട്ടും ആട്ടവും തമ്മിൽ ചേൎത്തിണക്കുന്നതിന്നു് ഇവൎക്കൊരു പ്രത്യേകസാമൎത്ഥ്യമുണ്ടു്.

3) മാനുഭാഗവതർ:- അദ്ദേഹത്തിന്റെ പാട്ടു പുതിയ ദേശിസമ്പ്രദായത്തിൽ ആട്ടക്രമത്തിൽ ശ്രദ്ധവയ്ക്കാതെ രാഗാലാപം പ്രധാനമായിട്ടുള്ളതായിരുന്നു. നളചരിതത്തിലെ പല പദങ്ങളെയും ഇദ്ദേഹം സംഗീതവിദ്വാന്മാർ തലകുലുക്കി "ബലേ" വിളിക്കത്തക്കവണ്ണം പാടികേട്ടിട്ടുണ്ടു്.

4) കണ്ണക്കുറുപ്പ്:- ആട്ടവും പാട്ടും ഇണക്കി ഏകദേശം തിരുവില്വാമലസ്സമ്പ്രദായത്തിൽ ചൊല്ലിയാടിക്കുന്നതിൽ നിപുണനായിരുന്നു. അന്നന്നു് ആടുവാൻ നിശ്ചയിച്ചിരിക്കുന്ന കഥയിലെ എല്ലാ ഭാഗങ്ങളെയും അദ്ദേഹം നേരത്തെ നോക്കി സംശയംതീർത്തു തയ്യാറായിരിക്കും.

5) പങ്കുനായർ:- മാനുഭാഗവതരുടെ അനുകരണത്തിൽ തെററാതെ എല്ലാ രീതികളും പ്രയോഗിക്കാവുന്ന ഒരാളായിരുന്നു. ശാരീരത്തിന്റെ മെച്ചംകൊണ്ടു പാട്ടു് വളരെ കൎണ്ണാനന്ദപ്രദമായിരുന്നു. നളചരിതം മുതലായ പ്രധാന കഥകളിലെ ചില വിശേഷപദങ്ങൾ പാടി രംഗവാസികളെ സംഗീതലഹരിയിൽ ആറാടിക്കുവാനും ആട്ടത്തിന്റെ നില തെററാതെ സൂക്ഷിച്ചുകൊണ്ടുപോകുവാനും വേണ്ടുന്ന നയം നായൎക്കു് അധികമുണ്ടായിരുന്നു. ഇവരുടെയൊക്കെ കാലം കഴിഞ്ഞിട്ടു ഒരു മൂന്നു പന്തിരാണ്ടിലധികമായി. പിന്നെ "വാളെടുത്തവരൊക്കെ വെളിച്ചപ്പാടു്" എന്ന ചൊല്ലുപോലെ ചേങ്ങിലയെടുത്തവരൊക്കെ പാട്ടുകാരായി. "അമ്മാനാട്ടം,മപസ്സാരം,ഗുമയും, കരയും, തഥാവെട്ടം,തട്ടം, വെളിച്ചപ്പാടെ,ട്ടുപാട്ടിന്റെ ലക്ഷണം" എന്നപോലെയാണു പിന്നത്തെ പാട്ടുകാരിൽ പലരുടെയും ഗോഷ്ഠികൾ. പാട്ടും ആട്ടവും തമ്മിൽ മോരും മുതിരയും തമ്മിലുള്ള ചേൎച്ചയേ പിന്നെ കണ്ടിട്ടുള്ളു.

6) കുറെ ഒടുവിൽ "അകവൂർമാണി"യെന്നോ "സ്വണ്ണത്തുമാണി"യെന്നോ പേരായിട്ടു ഒരു എമ്പ്രാന്തിരിയുണ്ടായിരുന്നു. (അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നില്ലേ എന്നു സംശയമുണ്ടു്) അദ്ദേഹത്തിന്റെ പല്ലുപോകുന്നതിനു മുമ്പിൽ ഒരു മാതിരി നല്ല പാട്ടായിരുന്നു. ഇയ്യിടെ അഞ്ചുപത്തുകൊല്ലമായിട്ടു ഞാൻ കളികാണ്മാൻ പോകാറില്ലെന്നു മുൻപറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ഇന്നത്തെ പാട്ടുകാരിൽ പ്രധാനികൾ ആരെല്ലാമാണെന്നു പറവാൻ ഞാൻ അർഹനല്ലാത്തതുകൊണ്ടു് അതിനു പുറപ്പെടുന്നില്ല.

വേഷക്കാർ:-

കാവുങ്കൽ പണിക്കന്മാർ.

1) രാമുണ്ണിപ്പണിക്കർ:- പച്ചയും കത്തിയും പ്രധാനമാണു്. അദ്ദേഹത്തിന്റെ വേഷം ഞാൻ നന്നെ ചെറുപ്പത്തിലാണു കണ്ടിട്ടുള്ളതു്. അതുതന്നെ ഒന്നോ

രണ്ടോ മാത്രം. അതുകൊണ്ട് അധികം ഗുണദോഷങ്ങളൊന്നും അറിവാനും പറവാനും മതിയാകുന്നതല്ല.

2) കുഞ്ഞിക്കൃഷ്ണപ്പണിക്കർ:- പച്ചയും കത്തിയും തന്നെ മുഖ്യം. കണ്ണും മെയ്യും അഭിനയവും നന്ന്. കോട്ടയം കഥകളും നളചരിതവും തമ്പിയുടെ കഥകളും നല്ലവണ്ണം ആടിക്കണ്ടിട്ടുണ്ട്. നല്ല ഗ്രഹിതവും മനോധർമ്മവും വകതിരിവുമുണ്ട്. രുഗ്മിണീസ്വയംവരത്തിൽ ബ്രാഹ്മണനും സന്താനഗോപാലത്തിൽ ബ്രാഹ്മണനും ഒരുപോലെ കെട്ടും-അത്രയ്ക്ക് മെയ് സ്വാധീനവും അഭ്യാസദാർഢ്യവുമുണ്ട്. രുഗ്മിണീസ്വയംവരത്തിൽ ബ്രാഹ്മണൻ കെട്ടിയ ആളാണു സന്താനഗോപാലത്തിൽ ബ്രാഹ്മണൻ കെട്ടിയതെന്നു പലർക്കും അറിയുകയില്ല. വേഷപ്പകർച്ച അത്രമാത്രമുണ്ട്.

3) ശങ്കരപ്പണിക്കർ: അദ്ദേഹം അവരിൽ ഒടുക്കത്തെ ആളാണെന്നു തോന്നുന്നു. ഏതാണ്ട് ഒരിരുപത്തു വർഷം മുമ്പ ഞാൻ തൃശ്ശിവപേരൂർനിന്ന് അദ്ദേഹത്തിന്റെ അഞ്ചാറു വേഷം കാണുകയുണ്ടായി. രാവണൻ, കീചകൻ, ദുര്യോധനൻ, ഭീമൻ, (ദുശ്ശാസനവധത്തിൽ) ഈ വകയാണധികം കെട്ടിക്കണ്ടത്. വീരരൗദ്രരസങ്ങളിലാണ് ആ വിദ്വാനധികം പരിചയമെന്നു തോന്നുന്നു. ആട്ടത്തിൽ നല്ല അടക്കം വൃത്തിയും ഉണ്ട്.

അമ്പാട്ടുമേനോന്മാരും ശിഷ്യരും

4) ശങ്കരമേനോൻ:- നല്ല രസവാസനയും മനോധർമ്മവും അഭ്യാസപാടവവും ഈശ്വരാനുകൂല്യവും നയവിനയാദിസൽഗുണങ്ങളുമുള്ള നാട്യവിദ്യാനിപുണനായിരുന്നു. അദ്ദേഹത്തിന്റെ പച്ചയും കത്തിയും നാരദൻ, ബ്രാഹ്മണൻ, ദുർവ്വാസാവ് മുതലായവ പല വേഷങ്ങളും കണ്ടിട്ടുണ്ട്. എല്ലാം നല്ലവണ്ണം ആടിഫലിപ്പിക്കാം. ഒടുവിൽ ഒരു മസൂരി പിടിച്ചതിനാൽ മുഖത്തിനല്പം പരുക്കു പററിയനിമിത്തം തേച്ചൊരുങ്ങി പുറപ്പെടുവാൻ താമസം വന്നുതുടങ്ങി. രാത്രിയുടെ അന്ത്യഭാഗത്തിലേ അരങ്ങത്തു വരുവാൻ സാധിക്കുകയുള്ളൂവെന്നമട്ടായി. ശങ്കരമേനോനും കേശവക്കുറുപ്പും സമകാലീനന്മാരായിരുന്നു. രണ്ടുപേർക്കും അന്യോന്യം ബഹുമാനമാണ്. "കുറുപ്പിന്റെ അഭിനയം കണ്ടുപഠിച്ചതാണു ഞാൻ" എന്നു ശങ്കരമേനോൻ പറയാറുണ്ട്. "തന്റെ ബുദ്ധിവിശേഷവും രസവാസനയും എനിക്കില്ല. എനിക്കു സിദ്ധിച്ച അഭ്യാസം തനിക്കു ലഭിച്ചിരുന്നെങ്കിൽ ഞങ്ങൾക്കാർക്കും അരങ്ങത്തു കയറുവാൻ കാലുപൊങ്ങുകയില്ലായിരുന്നു" വെന്നു കുറുപ്പും പറയും. രണ്ടുപേരും അന്യോന്യം വേഷം കാണ്മാനായിട്ട് അഞ്ചാറുനാഴിക വഴിനടന്ന് ആയാസപ്പെട്ടിരുന്നു. ശങ്കരമേനോന്റെ വേഷം കാണ്മാൻ കാത്തുള്ളിൽ അച്യുതമേനോൻ മുതലായ ഞങ്ങൾ ചില കളിഭ്രാന്തന്മാരോടുകൂടി പലപ്പോഴും കേശവക്കുറുപ്പുമൊരുമിച്ചു പോകാറുണ്ട്. കേശവക്കുറുപ്പിന്റെ ഭാര്യാഗൃഹം കൊടുങ്ങല്ലൂരായിരുന്നു. ഒരിക്കൽ കൊടുങ്ങല്ലൂർനിന്നു നാലഞ്ചുനാഴികവടക്കു 'മുതിരയ്ക്കൽ പണിക്കർ' എന്നൊരു പ്രഭുവിന്റെ വീട്ടിൽ "കാർത്തവീര്യാർജ്ജുനവിജയം" കഥയുണ്ടായി. രാവണനും മണ്ഡോദരിയും തമ്മിൽ പ്രണയകലഹമായിട്ടാണല്ലോ അതിലെ പുറപ്പാട്. മണ്ഡോദരിയുടെ കലഹശാന്തിക്കായി രാവണൻ ചെയ്യുന്ന അനുനയങ്ങൾ കൊണ്ടൊന്നും ഫലമില്ലാതെയായതിനാൽ രാവണൻ മണ്ഡോദരിയുടെ പാദപ്രണിപാതംതന്നെ ചെയ്യേണ്ടതായിവന്നു. അപ്പോൾ, അരങ്ങോടടുത്തുനിന്ന്, കളി കണ്ടിരുന്ന ഒരു മുസ്ലിം വൃദ്ധൻ, "അമ്പെടി! ഓളുടെ മൊഞ്ചു?" എന്ന് സ്വാനുഭവംകൊണ്ടുതന്നെ താനറിയാതെ പറഞ്ഞുപോയി. ഇതുകേട്ട് ഞങ്ങളെല്ലാവരും വിസ്മയിച്ചു. അന്നു ശങ്കരമേനോന്റെ രാവണനും ശിഷ്യനായ വെള്ളത്ത അച്യുതമേനോന്റെ മണ്ഡോദരിയുമായിരുന്നു. ഇതുപോലെ അഭിജ്ഞന്മാരെയും അനഭിജ്ഞന്മാരെയും രസിപ്പിപ്പാൻ ശങ്കരമേനോന് ഒരു പ്രത്യേക നൈപുണ്യമുണ്ട്.

5) ശങ്കരമേനോന്റെ അനുജൻ ശേഖരമേനോൻ:- ആ വിദ്വാനു പച്ചയാണു മുഖ്യം. കെട്ടിക്കണ്ടാൽ നല്ല ചന്തമുണ്ട്. മനോധർമ്മം കുറവാണ്. ആട്ടത്തിൽ നല്ല ചിട്ടയുണ്ട്. ശങ്കരമേനോന്റെ നളനു ശേഖരമേനോനാണു പുഷ്കരൻ. ദ്യൂതാവസാനത്തിൽ വിജയം നേടിയ പുഷ്കരൻ, നളനോടും നാട്ടുകാരോടും വീരവാദം ചെയ്യുന്ന ഘട്ടത്തിലുള്ള പദങ്ങൾ ആടുമ്പോളാണു ശേഖരമേനോന്റെ കുറവു പ്രത്യക്ഷമാകുന്നത്. ഇങ്ങിനെ താരതമ്യതോലനം ചെയ്യാതെ ഒറ്റയ്ക്കു മാത്രം നോക്കിയാൽ ശേഖരമേനോന്റെ വേഷത്തിനുള്ള കുറവൊന്നും വെളിപ്പെടുകയില്ല. അത്രമാത്രം രംഗശ്രീയും അഭ്യാസദാർഢ്യവുമുണ്ട്.

6) വെള്ളത്ത അച്യുതമേനോൻ:- ദമയന്തി, പാഞ്ചാലി, മണ്ഡോദരി (കാർത്തവീര്യവിജയത്തിൽ), രുഗ്മിണി മുതലായ സ്ത്രീവേഷം ചെറുപ്പത്തിൽ വിശേഷമായിരുന്നു. നളചരിതത്തിൽ സംഭോഗവിപ്രലംഭങ്ങൾ രണ്ടിലും ദമയന്തിയുടെ ഭാഗം അതാതിന് അനുഗുണമായിട്ട് അഭിനയിച്ചുകണ്ടിട്ടുണ്ട്. ഈ വിദ്വാ

# കൊച്ചി-തിരുവിതാംകൂർ സംയോജന ദശകം.

(വിദ്വാൻ, ശ്രീ. ചെങ്കസ്സൂരി മാധവമേനോൻ.)

നാട്ടാരൊടൊത്തു നിജനാടുവെടിഞ്ഞു. കൊച്ചി-
രാട്ടായ്‌വിളങ്ങിയ പരീക്ഷിദഭിജ്ഞവര്യൻ
കേട്ടാലത്ഭുതപരമായിടുമീയുദന്തം;
ഞെട്ടാതെയാരുലകിലുള്ളു, കലിപ്രഭാവം! 1

വഞ്ചീത്തമോദമൊടു തന്നുടെനാട്ടുകാരെ
വഞ്ചിച്ചിടാതെ വഴിപോലെ ഭരിച്ച ധീരൻ
വഞ്ചിക്ഷിതീന്ദ്രനമഹോ! നിജരാജപട്ടം
നെഞ്ചിൽക്കലുക്കമിയലാതെ വെടിഞ്ഞുപോലും! 2

ഉച്ചണ്ഡകീർത്തിവിളയിച്ചു ജഗത്തശേഷ-
മിച്ചണ്ഡരശ്മികുലജാതർ, മഹീമണാളർ
മെച്ചത്തൊടേത്രപുരുഷാന്തരമായ്ഭരിച്ചി,-
തിച്ചന്തമാർന്ന വസുധാതലമാരറിഞ്ഞു? 3

ഇന്നായതിന്നരുതിവന്നതുപാർത്തിടുമ്പോ-
ഴൊന്നാണു തോന്നുവതു; മേലിലൊരൊറ്റനാടും
ഒന്നായി നില്ക്കരുതു, നില്ക്കുകിലുണ്ടനർത്ഥ-
മെന്നാണു, സംഘബലമല്ലിബലംജഗത്തിൽ ? 4

ഉൾക്കാമ്പിന്തുക്കപെരുകും സർദാറിനാണി-
ന്നിക്കാമ്യകർമ്മമതിലുള്ള പുരോഹിതത്വം
മുക്കാലുമിന്ത്യയൊടിണക്കിയിവണ്ണമാര്യ-
നിക്കാശ്യപീതലവിഭാഗ, മിതാർക്കുസാധ്യം! 5

"വേണാട്"മിമ്മഹിതമാകിയ"മാടനാടും"
കാണാത്തവന്നു മിഴിയെന്തി,നിവണ്ണമാരും
ചേണാർന്നുവാഴ്ത്തുമിവരണ്ടുമൊരൊറ്റനാടായ്-
ക്കാണാൻ കഴിഞ്ഞൊരിവരല്ലിവരിഷ്ടഭാഗ്യർ? 6

സോദര്യരായിതിനിനമ്മളും, വടക്കർ തെക്കർ
ഭേദംവെടിഞ്ഞൊരുമയോടുമിരുന്നിടേണം
മോദത്തിനുള്ളൊരുനിദാനമിതൊന്നുതന്നെ;
ഖേദത്തിനെങ്ങുവഴി പൗരരിണങ്ങിയെന്നാൽ? 7

ഓർക്കുമ്പൊഴിപ്പരശുരാമമഹീതലത്തിൽ-
പ്പാർക്കും ജനത്തിനൊരു ഭാഷയൊരൊറ്റലക്ഷ്യം
ആർക്കും വിഭിന്നതവരുന്നതിനില്ലബന്ധം;
ചേർക്കും നമുക്കുമുദമെന്നുമിതോർത്തുവെന്നാൽ. 8

അത്യന്തശുദ്ധ,നജിതാമലപാദഭക്ത,-
നോജസ്സുവാച്ചൊരു ധരാവരവീരഹീരം,
തേജസ്വി, സത്കലയെഴും തരുണാവതംസം
രാജപ്രമുഖ്യ;-നിതു നമ്മുടെ ഭാഗ്യമല്ലി? 9

നാടായനാടുമുഴുവൻ നടമാടുമേടാ-
ക്രൂടാദിയൊന്നുമിവിടത്തിലടുത്തിടാതെ
ഈടാർന്നശാന്തിവളരട്ടെ,യതിന്നുനിത്യം
നീടാർന്ന കൺമുനയണയ്ക്കുക ഹേ, മുരരേ! 10

ന്റെ വസ്ത്രാക്ഷേപത്തിൽ ദ്രൗപദിയെ കേശവക്കുറുപ്പും സമ്മതിച്ചിട്ടുണ്ട്. സൌഗന്ധികത്തിൽ ശങ്കരമേനോന്റെ ഭീമസേനനും അച്യുതമേനോന്റെ പാഞ്ചാലിയും അഭിനയസാരജ്ഞന്മാരുടെ പ്രശംസക്കു വിഷയമായിട്ടുള്ളവയാണ്. പ്രായം കുറച്ചു കവിഞ്ഞപ്പോൾ ഇയ്യാൾ ആദ്യവസാനവേഷക്കാരനുമായി. ശങ്കരമേനോന്റെ ശിക്ഷാസാമർത്ഥ്യംകൊണ്ട് പച്ചയും കത്തിയും കെട്ടാറുണ്ട്. രണ്ടുംതരക്കേടില്ലെന്നുപറയാം.

7) കരുത്ത അച്യുതമേനോൻ:-പച്ചയും കത്തിയും നല്ലവണ്ണം ആടിക്കണ്ടിട്ടുണ്ട്. കയ്യുംമെയ്യും തെളിഞ്ഞ ഒരാദ്യവസാനവേഷക്കാരനായിരുന്നു. അർജ്ജുനൻ, ഭീമൻ മുതലായ വീരരസപ്രധാനമായ വേഷങ്ങളും സന്ദർഭാനുസാരം അഭിനയിപ്പാൻ നല്ല സാമർത്ഥ്യമുണ്ടായിരുന്നു. കണ്ണിനു നല്ല ജീവനും സാധകവുമുള്ള വേഷക്കാരിൽ ഒരാളായിട്ടാണ് അക്കാലത്ത് ഈ വിദ്വാനെ അഭിജ്ഞന്മാർ ഗണിച്ചിരുന്നത്. ശങ്കരമേനോന്റെ കാലശേഷം അദ്ദേഹത്തിന്റെ കളിയോഗം ഈ ശിഷ്യന്മാർ നടത്തുകയും, ഗുരുനാഥന്റെ പേർ കളയാതെ കുറച്ചുകാലം നിലനിറുത്തുകയും ചെയ്തു.

(തുടരും)

ചെറുകഥ.

# നഴ്സ്.

(ശ്രീ. സി. ജി വാര്യർ.)

"ആ സുപ്രഭാതം,-അവളായി പരിചിതനായ ആ സുപ്രഭാതം-അതിനെ ഞാൻ വെറുക്കുന്നു. അവളുമായി ഒന്നാമതായി സംസാരിച്ചു-മോഹനങ്ങളായിത്തോന്നിയിരുന്ന-ആ നിമിഷങ്ങളെ ഞാൻ ശപിക്കുന്നു."

മെറീനാബീച്ചിൽ, ജനത്തിരക്കിൽനിന്നും സ്വല്പമൊഴിഞ്ഞ് മണലിൽ കുനിഞ്ഞിരിക്കുന്ന വേണു, ഭൂതകാലത്തിലേയ്ക്ക് തിരിഞ്ഞുനോക്കി, ക്ഷുഭിതനായി ഗോപിയോടു പറഞ്ഞു:-

"വേണൂ, ഹൃദയത്തെ ഒന്ന് ശാന്തമാക്കൂ. അഭ്യസ്തവിദ്യരാണെന്നഭിമാനിക്കുന്ന നമ്മൾ ഇങ്ങിനെയായാലോ", സ്നേഹിതൻെറ, മണലിൽ ഊന്നിയ കൈകൾ പിടിച്ചുകൊണ്ട് ഗോപി പറഞ്ഞു:-

അഞ്ചാറുമാസത്തെ പരിചയം മാത്രമേ ഉള്ളുവെങ്കിലും, ഗോപിയും വേണുവും, ആത്മമിത്രങ്ങളായിരിക്കുന്നു. ഏകദേശം സമവയസ്കർ, ഒരേ സ്ഥലത്ത് ജോലിചെയ്യുന്നവർ, താമസിക്കുന്നവർ; ആപ്പീസു വിട്ടാൽ ബീച്ചിൽ വന്നിരുന്ന്, ഹൃദയാന്തർഭാഗങ്ങളിൽ നിഗ്രഹനം ചെയ്ത രഹസ്യങ്ങളെ പരസ്പരം പകരുക പതിവാണ്.

വെളുത്ത്, മെലിഞ്ഞ്, നല്ല ആരോഗ്യമുള്ള ശരീരം, മനോഹരമായ കണ്ണുകൾ, വിശാലമായ നെററിത്തടം, കോമളനായ വേണുവിൻെറ മുഖത്ത്, എന്തോ ഒരസാധാരണമായ ആകർഷണീയതയുണ്ട്. സംഭവബഹുലമായ വലിയൊരു ജീവിതം നയിച്ച്, ലോകസ്വഭാവങ്ങളെ സൂക്ഷ്മമായി കാണുവാൻ സാധിക്കുന്നതുപോലെയുള്ളതാണ് ഗോപിയുടെ കണ്ണുകൾ. സാധാരണ യുവാക്കളിൽ കാണുന്ന ദുസ്സ്വഭാവങ്ങൾ യാതൊന്നുമില്ലെങ്കിലും, ചിലപ്പോൾ വഴിപിഴക്കുന്ന വേണുവിനെ ഗോപിക്ക് നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്.

"വേണൂ, ക്ഷോഭിക്കാതെ പറയുവാൻ സാധിക്കുമെങ്കിൽ വർത്തമാനങ്ങൾ മുഴുവൻ വ്യക്തമായി പറയൂ."

പൂർവ്വസാഗരാന്തർഭാഗത്തിൽ മറഞ്ഞുകിടന്നിരുന്ന, അമ്പിളി മെല്ലെ തലപൊക്കിനോക്കി. മനോമോഹനനായ ആ പൂർണ്ണചന്ദ്രനെ, സൂക്ഷിച്ചുനോക്കി വേണു വൊന്നു നിശ്വസിച്ചു. പുഷ്ടചിന്തകൾനിറഞ്ഞ അയാളുടെ ശിരസ്സിനെ മന്ദമാരുതൻ തടവി. 'വറുകടല' 'വറുകടല' ഒരു പയ്യൻ; ചെറിയൊരു കൊട്ട അവരുടെ മുമ്പാകെ വെച്ചു. ഗോപി അരയണയ്ക്ക് കടലവാങ്ങി. അതവരുടെ പതിവാണ്. വെളുത്തു തടിച്ചു് മുണ്ടാപിയോടുകൂടിയ ഒരു ആസാമി "തേങ്ങ, മാങ്ങ, പട്ടാണി സുണ്ടൽ" എന്ന് വിളിച്ചുനടന്നു. കഴുത്തു് നഗ്നതമാത്രം മറച്ച്, കരയ്ക്കണഞ്ഞ ചില മീൻപിടുത്തക്കാരുടെ ചുററുപാടും, കൃത്രിമോപകരണങ്ങൾ ഉപയോഗിച്ച് സൗന്ദര്യധാമങ്ങളായി സ്വയം അഭിമാനിക്കുന്ന യുവതിയുവാക്കളും, ആർത്തുവിളിച്ച് തിമർക്കുന്ന കൊച്ചുപൈതങ്ങളും നിന്ന് ഓരോ അഭിപ്രായം പറയുന്നു. പക്ഷെ, ഇതൊന്നും വേണുവിൻെറ ശ്രദ്ധയിൽ പതിയുന്നില്ല. ഓരോ കൊച്ചലകളിലും പ്രതിബിംബിച്ച്, അങ്ങിനെ ആയിരമായിരമായിക്കാണുന്ന തിങ്കളിനെ നോക്കിക്കൊണ്ട് വേണു പറഞ്ഞു:-

"ഗോപീ, 12കൊല്ലം മുമ്പുള്ള വർത്തമാനമാണ് ഞാൻ പറയുവാൻ പോകുന്നത്. അന്നെനിക്ക് പതിനാറു വയസ്സുമാത്രം. ലോകത്തേയോ, സ്നേഹത്തേയോ പററി യാതൊന്നുമറിയാത്തൊരു ബാലൻ. എൻെറ വീട്ടിൻെറ പരിസരം മാത്രമാണ് എൻെറ ലോകം. അവിടെനിന്നും വിട്ട്, കോളേജിലേക്ക് ഞാൻ അത്യാനന്ദത്തോടെ പോയി. ഇന്നത്തെപ്പോലെ, അന്ന് കോളേജിൽ ചേരുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവിടത്തെ ഒരദ്ധ്യാപകനൊന്നിച്ച്, കോളേജ് തുറക്കുന്നതിൻെറ തലേന്നുരാത്രി ഞാനവിടെയെത്തി. കാലത്ത് എഴുന്നേററ് പുറത്തുവന്നപ്പോൾ, എൻെറ ഗുരുപത്നിയും, പതിനാലോളം വയസ്സ് പ്രായമായൊരു ബാലികയും ഉമ്മറത്തിരുന്ന് വർത്തമാനം പറയുന്നു. എന്നെ കണ്ടപ്പോൾ ഗുരുപത്നി "കൊച്ചുമ്മിണി, മാസ്റ്ററുടെ ഒരു പ്രധാന ശിഷ്യനാണിവൻ. ഞങ്ങളുടെ വീട്ടിൻെറ അടുത്താണ്. വേണുഗോപാലൻ എന്നാണ് പേര്." ഞങ്ങൾ പരസ്പരം നോക്കി. എനിക്കെന്തോ ഒരു കൌതുകം അവളെ കണ്ടപ്പോൾ. "കൊച്ചുമ്മിണി പഠിക്കുന്നില്ലേ, ഏതു ക്ലാസിലാണ്?" ജിജ്ഞാസയുണ്ടെങ്കിലും സ്വല്പം സങ്കോചത്തോടെ ഞാൻചോദിച്ചു. "ഉവ്വ്, അടുത്തുള്ള കോൺവൻറിൽ 9-ാം ക്ലാസിൽ" ചോദിയോടുകൂടി അവൾ ഉത്തരം പറഞ്ഞു.

"പ്രഭാതത്തിൽ അവൾ അവിടെ വരാൻ?" കുറച്ചു കടല വേണുവിന്ന് കൊടുത്തുകൊണ്ട് ഗോപി ചോദിച്ചു.

ഞങ്ങൾ താമസിച്ചിരുന്ന വീടിന്റെ തൊട്ടവീട്ടിലെയാണ് കൊച്ചമ്മിണി. പഠിക്കുവാൻ വളരെ ഉത്സാഹമുണ്ട്. ചില സംശയങ്ങൾ ചോദിക്കുവാനും മറ്റും ഇടക്കിടക്ക് അവിടെ വരാറുണ്ടത്രെ. അമ്മായിക്ക്—ഗുരുപത്നിയെ ഞാൻ, അങ്ങിനെയാണ് പിന്നീട് വിളിച്ചിരുന്നത്. അവളെ വളരെ ഇഷ്ടവുമാണ്. കൊച്ചമ്മിണി എന്നുകൂടി വിളിക്കാറില്ല 'കൊച്ചു' എന്നുമാത്രം. ഞാനും അവളെ കൊച്ചു എന്നു വിളിച്ചു തുടങ്ങി.

"ഓ, അപ്പോൾ, അവളെ തന്റെ കൊച്ചമ്മയാക്കി സ്വീകരിച്ചു, അല്ലെ?" ചിരിച്ചുകൊണ്ട് ഗോപി ചോദിച്ചു.

ഒരു മന്ദഹാസം വേണുവിന്റെ മുഖത്തു പരന്നു. മന്ദമാരുതനിൽ ഒരു നിശ്വാസ കൂടി അലിഞ്ഞുചേർന്നു.

"ഗോപീ, അതെല്ലാം പറഞ്ഞിട്ടെന്താണ് കാര്യം. എന്റെ കോളേജിന്റെ അടുത്താണ് കോൺവെന്റ്. നിത്യവും ഞങ്ങൾ ഒരുമിച്ചുപോകും. കോൺവെന്റിലേക്ക് അവൾ കയറിയാൽ "വൈകുന്നേരം" എന്നു പറഞ്ഞു കോളേജിലേയ്ക്ക്, ഞാൻ ആനന്ദത്തോടെ നടക്കും. സ്കൂൾ വിട്ടാൽ, എന്റെ വരവു കാത്തു അവൾ അവിടെയെങ്ങാനും നില്ക്കുന്നുണ്ടാകും. കോളേജിൽനിന്നും ധാരാളം പുസ്തകങ്ങൾ ഞാനവൾക്കു കൊടുക്കും. വല്ല പാഠങ്ങൾക്കും സംശയമുണ്ടായാൽ കഴിയുന്നതും ഞാൻ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കും. മിക്ക ദിവസവും, വൈകുന്നേരം 5 മണിക്ക് അവളുടെ വീട്ടിൽപോയി ചായകഴിച്ച് കുറെ സൊള്ളും."

"ഇന്നത്തെ ലോകം ഇതെല്ലാം കണ്ടു സഹിച്ചുവോ? ആർക്കും സംശയം തോന്നിയില്ലെ?" ഇടക്കുകയറി ഗോപി ചോദിച്ചു.

"ഇല്ല, ഗോപി, യഥാർത്ഥത്തിൽ ഞങ്ങൾ, മറ്റുള്ളവർക്ക് സംശയം തോന്നിക്കത്തക്ക നിലയിൽ പെരുമാറിയിട്ടില്ല. നിഷ്കളങ്കമായ സഹോദരസ്നേഹം—അതാണ് ഞങ്ങളെ അടുപ്പിച്ചിട്ടുള്ളത്. ഞങ്ങൾ ഇടക്ക് ടൌണിൽ സിനിമക്ക് പോകാറുണ്ട്. രാത്രി, ഒന്നരണ്ടു നാഴികയകലെയുള്ള, സിനിമക്ക് എന്റെയൊന്നിച്ച് പോരുവാൻ അവൾക്ക് ഒരു വിരോധവുമില്ല. അവളുടെ രക്ഷിതാക്കന്മാർ "വേണുവിന്റെ ഒന്നിച്ച് വേണമെങ്കിൽ നീ പൊയ്ക്കോ" എന്നാണ് പറയുക പതിവ്. ടൌണിൽനിന്നുംവിട്ട് ഒന്നൊന്നരനാഴികയകലെ, പ്രകൃതിരമണീയമായൊരു സ്ഥലത്താണ് ഞങ്ങൾ താമസിച്ചിരുന്നത്. സന്ധ്യാകാലങ്ങളിൽ, പച്ചപ്പുൽമൈതാനങ്ങളിലും, തല ഉയർത്തിപ്പിടിച്ചുനില്ക്കുന്ന കുന്നിൻമുകളിലും ഇരിക്കുമ്പോൾ, ആരക്തമായ പശ്ചിമാംബരത്തെ നോക്കി, കവിത "കുത്തിക്കുറിക്കുവാൻ" ഞങ്ങളുടെ കൊച്ചുഹൃദയങ്ങൾ കൊതിക്കാറുണ്ട്. അങ്ങിനെ ആനന്ദസമ്മിളിതമായ നീണ്ടവർഷങ്ങൾ രണ്ടെണ്ണം പറന്നുപോയി. ഞാൻ ഇന്ററും, അവൾ എസ്സ്. എസ്സ്. എൽ. സി. യും പാസ്സായി.

"ഐസ്ക്രീം, ഐസ്ക്രീം" ഒരു ചെറുപ്പക്കാരൻ വിളിച്ചുപറഞ്ഞുകൊണ്ടടുത്തെത്തി. പുകച്ചുരുൾ വമിച്ചുകൊണ്ട്, ആംഗ്ലോഇന്ത്യരാണെന്നഭിമാനിക്കുന്ന ഒരു യുവതിയും, യുവാവും, കൈകോർത്തുപിടിച്ച് അവരുടെ അടുത്തെത്തി; ഒന്നു സൂക്ഷിച്ചുനോക്കി, അകലത്തേക്ക് പോയി.

ഒരു നിശ്വാസത്തോടെ വേണു തുടർന്നു: "ഗോപീ, ആ രണ്ടു കൊല്ലത്തിനിടയിൽ ഒരിക്കൽപോലും ഞങ്ങൾ പ്രേമസംഭാഷണം ചെയ്തിട്ടില്ല. എന്റെ പരിതഃസ്ഥിതി, അവളെ വിവാഹം കഴിക്കുവാൻ അനുവദിക്കുന്നതുമല്ല. യഥാർത്ഥ സഹോദരസ്നേഹത്തിൽ വളർന്നുവന്ന ഞങ്ങളെ, പലരും, പലതരത്തിൽ വിമർശിക്കുവാൻ തുടങ്ങി. കൊച്ചുയോട് വർത്തമാനം പറയുവാൻ ചില യുവാക്കൾ ശ്രമിച്ചിട്ടുണ്ട്, ദുർവൃത്തിയിലേക്ക് പാദമൂന്നിക്കുവാൻ അഭ്യർത്ഥനം ചെയ്തിട്ടുണ്ട്. പക്ഷെ അവൾ, അചഞ്ചലയായിരുന്നു. രണ്ടുകൊല്ലംകൊണ്ട് ഞങ്ങളെ സംബന്ധിച്ചു പല ദുഷ്പേരുകളും പരന്നുകഴിഞ്ഞു. ഞങ്ങളുടെ വീട്ടുകാർക്കുമാത്രം യാതൊരു സംശയവും ഉണ്ടായിട്ടില്ല. ഇതെല്ലാം അറിഞ്ഞിട്ടും ഞങ്ങളുടെ ബന്ധം ശിഥിലമായില്ല. ധനസ്ഥിതി, കോളേജ് വിദ്യാഭ്യാസത്തിന്നനുവദിക്കായ്കയാൽ, എന്തെങ്കിലും ഉദ്യോഗസമ്പാദനത്തിന്ന് അവൾ ശ്രമിച്ചുതുടങ്ങി. രണ്ടുമാസം കഴിഞ്ഞു അവൾക്ക് ഉദ്യോഗത്തിന്റെ പശ്ചാത്തലം കിട്ടി. അവളെ നഴ്സ് ട്രെയിനിങ്ങിന്നെടുത്തു. എന്നോട് യാത്രപറഞ്ഞ് പിരിയുന്ന ആ സമയത്താണ്, ഞങ്ങൾക്ക് അന്യോന്യം പ്രേമമുദിച്ചിരുന്നുവെന്ന് വ്യക്തമായത്. എന്റെ ഇണ പിരിഞ്ഞു. അവൾ—ൽ എത്തിയ ഉടനെ വിവരങ്ങൾക്ക് കത്തെഴുതി. ആഴ്ചയിൽ ഓരോ കത്ത് എന്തെങ്കിലും, എഴുതിനിറച്ച്, അന്യോന്യം അയക്കാറുണ്ട്."

"പ്രേമലേഖനങ്ങൾക്ക് വിഷയത്തിന്നാണോ പ്രയാസം?" മന്ദഹാസത്തോടെ കടല തിന്നുകൊണ്ട് ഗോപി ചോദിച്ചു.

"എന്നാൽ അവിടെയാണ് പിഴച്ചത്. അക്കാലത്തെ ഒരൊററക്കത്തിലെങ്കിലും ഞങ്ങൾ പ്രേമം വ്യക്തമാക്കിയിട്ടില്ല. അങ്ങിനെ ഇഴഞ്ഞിഴഞ്ഞ് കൊല്ലം രണ്ടുകൂടി കഴിഞ്ഞു. പല യുവതികളുമായിട്ടും ഞാൻ പരിചിതനായി, അടുത്തു പെരുമാറി, പക്ഷെ ഒരൊററാൾക്കും എന്റെ ഹൃദയത്തെ ആകർഷിക്കുവാൻ സാധിച്ചിട്ടില്ല. ഞാൻ ബി. എ. പരീക്ഷയ്ക്കു പോയി. പരീക്ഷയ്ക്കു പോയിരുന്ന ഓരോ ദിവസത്തിലും കൊച്ചിയുടെ കത്ത് എനിക്ക് കിട്ടാറുണ്ട്. തികച്ചും മനസ്സമാധാനത്തോടുകൂടി ഞാൻ പരീക്ഷക്കിരിക്കും. യഥാർത്ഥത്തിൽ അവളുടെ കത്തുകളാണ് ഒരു "ക്ലാസ്സോടുകൂടി", എന്നെ പാസ്സാക്കിച്ചത്. ബി. എ പാസ്സായ ഞാൻ ചെറിയൊരു ക്ലാർക്കുദ്യോഗമാണ് ആദ്യം സ്വീകരിച്ചത്." അക്കാലത്തും ഞങ്ങൾ അടിക്കടി എഴുതാറുണ്ട്.

"നല്ലതുതന്നെ. അവൾ ആ രണ്ടുകൊല്ലത്തിനിടയിൽ നാട്ടിലേക്ക് വന്നില്ലെ?"

ഗോപിയുടെ ചോദ്യം വേണുവിൽ ഒരു ദീർഘശ്വാസമുണ്ടാക്കി. "ഇല്ല, ഗോപീ, ഒരുകൊല്ലം കഴിഞ്ഞു അവൾ ഉദ്യോഗത്തിൽ പ്രവേശിച്ചതായി എനിക്ക് കത്തു കിട്ടി. അക്കൊല്ലം കഴിഞ്ഞാൽ നാട്ടിൽ വരുന്നുണ്ടെന്നും എഴുതിയിരുന്നു. അവൾ പോയതിന്റെ മൂന്നാമത്തെ കൊല്ലം—ഞാനങ്ങിനെ ക്ലാർക്കായിരുന്ന കാലത്ത്—അവളെ കണ്ടതുമുതൽ അനുഭവിച്ച്, ക്രമത്തിൽ പരിപുഷ്ടമായ പ്രേമചരിത്രം വിവരിച്ചൊരു കത്തെഴുതി ഞാൻ ഉദ്ദേശിച്ചിരുന്ന നിലയിൽതന്നെ അതിന്നെനിക്ക് മറുപടിയും കിട്ടി. അതെ, അവൾ എന്നിൽ ദൃഢാനുരക്തയാണെന്ന്. അന്നെന്റെ ഹൃദയം അനുഭവിച്ച ആനന്ദം പറഞ്ഞറിയിക്കുവാൻ സാദ്ധ്യമല്ല. വാസ്തവത്തിൽ നാട്ടുകാരുടെ വിമർശനങ്ങളാണ് ഞങ്ങളിൽ പ്രേമമുണ്ടാക്കിയത്. അന്യോന്യം അനുരാഗമുണ്ടെന്നറിഞ്ഞതിൽ ഹൃദയം തികച്ചും തൃപ്തമായി. ചില സാധാരണ നഴ്സ്മാരെപ്പോലെ ഹൃദയമില്ലാത്തവളല്ല എന്റെ കൊച്ചമ്മിണിയെന്ന്, ഞാൻ അഭിമാനത്തോടുകൂടി വിചാരിച്ചു. അവളുടെ ശുശ്രൂഷയേൽക്കുവാൻ—ഒരു രോഗിയുടെ നിലയെങ്കിലും—ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. "അടുത്തഭാവിയിൽ അവ്ട്ടത്തേയും ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം എനിക്ക് സിദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു." അവളുടെ കൈയ്യെഴുത്തിലുണ്ടായിരുന്ന ഈ വരി ആനന്ദാശ്രുവാൽ വളരെ സമയം വേണ്ടിവന്നു വായിക്കുവാൻ."

"അപ്പോൾ വേണു, തനിക്ക് അവളെ വിവാഹം കഴിക്കുവാനുള്ള പരിതഃസ്ഥിതിയുണ്ടായിക്കഴിഞ്ഞുവോ?"

കടലിൽനിന്നും ഒരു മുഴം ഉയർന്ന ചന്ദ്രബിംബത്തെ ഒന്നു ദീർഘനിശ്വാസത്തോടുകൂടി നോക്കി വേണു പറഞ്ഞു: "ഉവ്വ്, ഗോപീ, പരിതസ്ഥിതിയെന്ന് ഞാൻ പറഞ്ഞത് എന്റെ സഹോദരിമാരുടെ വിവാഹമാണ്. അവരുടെ വിവാഹം ഈ കാലത്തിലിടക്ക് കഴിഞ്ഞിരുന്നതിനാൽ, എന്റെ ഇഷ്ടംപോലെയുള്ള യുവതിയെ വിവാഹം കഴിക്കുവാൻ വിരോധമുണ്ടായിരുന്നില്ല."

"നല്ലതുതന്നെ സ്വന്തം കാര്യത്തിന്ന് സഹോദരിമാരെ വിചാരിക്കാതിരുന്നില്ലല്ലൊ. പിന്നീട് നിങ്ങളുടെ വിവാഹത്തിന്ന് തടസ്ഥമെന്താണുണ്ടായത്." ഗോപിയുടെ സ്വരത്തിൽ ജിജ്ഞാസ നിറഞ്ഞിരുന്നു.

തടസ്ഥമുണ്ടായിരുന്നില്ല. എന്നാൽ എനിക്കൊരു വിചാരമുണ്ടായിരുന്നു എന്റെ ഭാര്യയായാൽ പിന്നെ ജോലിക്കയക്കാൻ സാധിക്കയില്ലെന്ന്. അതുകൊണ്ടു അവളെക്കൂടി പുലർത്തുവാൻ തക്ക ധനസ്ഥിതി എനിക്കുണ്ടാകട്ടെ എന്നു കരുതി അമാന്തിച്ചു. അങ്ങിനെ ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ആഴ്ചയിൽ ഒരു കത്തുവീതം അയച്ചിരുന്ന അവൾ രണ്ടാഴ്ചകൂടുമ്പോഴായി; മാസത്തിലൊന്നായി; ക്രമത്തിൽ കത്തുകൾതന്നെ വരാതായി. അനേകം കത്തുകൾ ഞാൻ അങ്ങോട്ടെഴുതി. എന്റെ ഹൃദയം ആനന്ദത്തിന്റെ മറുപുറം കണ്ടു. അവസാനം ഞാൻ അവളുടെ വീട്ടിലേയ്ക്കെഴുതി വർത്തമാനങ്ങൾ അന്വേഷിച്ചു. സുഖമാണെന്നും അടുത്തുതന്നെ നാട്ടിലേയ്ക്കു വരുന്നുണ്ടെന്നും അവർ അറിയിച്ചു

"കൊച്ചമ്മിണി കത്തയക്കാതിരിക്കുവാനുള്ള കാരണം? എന്തെങ്കിലും ആഭാസങ്ങളെഴുതിയോ?"

"ഞാനോ?" വേണു പറഞ്ഞു:-"കാരണം യാതൊന്നും മനസ്സിലായില്ല. അവളുടെ വീട്ടുകാരായി, ഞാൻ എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി. ഒരിക്കൽ അവളുടെ അമ്മ എഴുതിയിരുന്നു. 'ഒരാഴ്ചകഴിഞ്ഞാൽ കൊച്ചമ്മിണി വരുന്നുണ്ട്. അവളുടെ ആസ്പത്രിയിൽ പ്രസവിച്ച ഉടനെ ഒരു സ്ത്രീ മരിച്ചു. ആ അനാഥക്കുട്ടിയെ കൊച്ചമ്മിണി എടുത്ത് വളർത്തുന്നു. ആ കുട്ടിയും

അവളുടെ ഒന്നിച്ചുണ്ടാകും.' ഇതു വായിച്ചപ്പോൾ പുണ്ണിൽ കുത്തുന്നപോലെ തോന്നി. ഒരു നഴ്സ് ഒരനാഥക്കുട്ടിയെ വളർത്തുക!! അവളെ കാണുവാനുള്ള ആഗ്രഹത്താൽ കൊച്ചു വരുന്ന ദിവസം സ്റ്റേഷനിൽപോയി. ഞാനവിടെ ഉണ്ടായിരിക്കുമെന്ന് അവൾ സ്വപ്നേപി വിചാരിച്ചിട്ടുണ്ടായിരിക്കയില്ല. അവൾ വണ്ടിയിൽനിന്നിറങ്ങി, പെട്ടിയുംമററും താഴെയിറക്കിച്ച്, സുമുഖനായൊരു യുവാവിന്റെ ഒക്കത്ത് ഇരുന്നിരുന്ന മൂന്നു വയസ്സായൊരു ബാലനെ വാങ്ങി."

"അപ്പോൾ അവൾ, തന്നെ കണ്ടില്ലേ?" ചിന്താദ്യോതകമായ നേത്രങ്ങളോടെ ഗോപി ചോദിച്ചു.

"ആ സന്ദർഭത്തിൽ, അവൾ നാലുപുറത്തേയ്ക്കും നോക്കിയതുതന്നെയില്ല. അഥവാ 9 വർഷത്തെ സന്തോഷവും, സന്താപവും എന്നെ പരിചിതനല്ലാതാക്കിയിട്ടുണ്ടാകാം. ആ ചെറുപ്പക്കാരൻ പെട്ടിയുംമററും ഇറക്കിയില്ലേ എന്നെല്ലാം ജാഗ്രതയായിനോക്കി വണ്ടിയിൽതന്നെ കയറി! "ഒന്നിച്ചു മടങ്ങാം. പറഞ്ഞപോലെതന്നെ" വണ്ടിപോയി. അവൾഒരു കൂലിക്കാരനെക്കൊണ്ട് പെട്ടിയെടുപ്പിച്ച് ബസ്സിനടുക്കലേയ്ക്കു നടന്നു. ഞാൻ അങ്ങിനെ തരിച്ചുനിന്നു. ഇതുവരെയും എന്റെയാണെന്ന് വിശ്വസിച്ചിരുന്ന കൊച്ചമ്മിണി—ഏതൊരു യുവാവിനോടും സംസാരിക്കുവാനതന്നെ മടിച്ചിരുന്ന കൊച്ചു—അവളെ, ഞാൻ ഇമവെട്ടാതെ നോക്കിനിന്നു. പഴയത്തെ സൌന്ദര്യമെല്ലാം വിട്ടിരിക്കുന്നു. കൃത്രിമോപകരണങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട്. എന്നിട്ടും എന്തോ ഒരപരിപൂർണ്ണത എനിക്കു തോന്നി. ഏതായാലും അവൾ എന്നെ കണ്ടില്ല. ഞാൻ അവളെ നല്ലവണ്ണം കണ്ടു. ബസ്സപോയിട്ടും ഒരു പതിനഞ്ചുമിനുട്ട് അവിടെത്തന്നെനിന്ന് എന്തോ വലിയൊരു ചുമടേററിയപോലെ, ഞാൻ വീട്ടിലേക്ക് മടങ്ങി.

വേണു, ഒരു നിശ്വാസത്തോടെ ഗോപി പറഞ്ഞു. "തന്റെ പ്രേമം—കാമമല്ലായിരുന്നുവെങ്കിൽ- അവളെ അവിടെവെച്ച് കാണുമായിരുന്നു."

"ശരിയായിരിക്കാം. പക്ഷെ, എനിക്കുണ്ടായിരുന്നതു് വെറും വികാരത്തിൽ നിന്നുണ്ടായ കാമമല്ലെന്നുള്ളതു് സത്യമാണ്. എത്രമാത്രം തെററുചെയ്താലും എനിക്കവളെ സ്നേഹിക്കാതിരിപ്പാൻ സാദ്ധ്യമല്ല. പിന്നീട് ഞാനവളെ കണ്ടിട്ടില്ല. അവൾക്ക് നേരിട്ട് കത്തെഴുതാറില്ലെങ്കിലും വർത്തമാനങ്ങൾ വീട്ടിൽനിന്നും അറിയാറുണ്ട്."

"ഇന്നുവന്ന കത്തു വായിച്ചതിൽനിന്ന് അവളുമായി പരിചയമായ ദിവസത്തെക്കൂടി ശപിച്ചതെന്തിന്.?"

"ഗോപീ, ഇന്നു വന്നിട്ടുള്ളതു് ആ കലടയുടെ കത്തു തന്നെയാണ്. ഇതുവരെ കത്തയക്കാത്തതിനും, അവൾ ചെയ്ത എല്ലാ തെററിനും, മാപ്പുകൊടുക്കണമത്രെ! ഒന്നു കാണുവാൻ അതിരററ ആഗ്രഹമുള്ളതിനാൽ അടുത്തദിവസം ഒന്നു കണ്ടാൽ വേണ്ടില്ലത്രെ! ഗോപീ, എന്താണ് ഞാൻ ചെയ്യേണ്ടതു്? എന്റെ ഹൃദയം ഈ കടലുപോലെ ക്ഷോഭിച്ചിരിക്കുന്നു. എന്തു ചെയ്യണം."

"വേണു, തീർച്ചയായും താൻ പോണം. അവളെ കാണണം. മാപ്പ് കൊടുക്കണം. തെററുചെയ്തതിനെ ക്ഷമിക്കുവാനുള്ള മനസ്ഥിതിയാണ് നമുക്ക്വേണ്ടതു്. താനിന്ന് വലിയൊരുദ്യോഗസ്ഥനാണ്. വേണമെങ്കിൽ, അവളുടെ ഉദ്യോഗംപോലും കളയത്തക്ക നിലയിൽ എത്തിയിട്ടുണ്ട്. ഈ സന്ദർഭം തികച്ചും പ്രതികാരത്തിനുള്ളതാണ്. അതെ, നമ്മളെ ഉപദ്രവിച്ചവരെ സഹായിക്കുവാൻ."

"ഗോപീ, ഞാനവളെക്കണ്ട ആ ദിവസത്തെ—ആ നിമിഷങ്ങളെ—വെറുക്കുന്നു. അവളെ കണ്ടില്ലായിരുന്നുവെങ്കിൽ ഇതെല്ലാം വരുമായിരുന്നോ?

"വേണു, ആ നിമിഷങ്ങളെ ആരാധിക്കൂ! നമ്മുടെ ഹൃദയവിശാലത കാണിക്കുവാൻ ഒരു സന്ദർഭംതന്ന ആ നിമിഷങ്ങളെ എപ്പോഴും സ്മരിക്കൂ! പരിതഃസ്ഥിതി ഒരു വ്യക്തിയെ ചീത്തയാക്കിയെങ്കിൽ അതിന്നാരാണുത്തരവാദി? അതിനെ ക്ഷമിക്കുവാനുള്ള മനഃസ്ഥിതിയാണ് നമുക്ക് വേണ്ടതു്."

"വറുകടല, വറുകടല, ഐസ്ക്രീം, ഐസ്ക്രീം," ആ ശബ്ദം വീണ്ടും അടുത്തു വന്നു.

---

കൈകണ്ട മരുന്നുകൾ.
രക്തവാതത്തിനും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.
രക്തവാതം ഏഴേഏഴുദിവസംകൊണ്ടും കണ്ഠമാലഒരൊററമാസം കൊണ്ടും സുഖപ്പെടും.
അപേക്ഷിക്കേണ്ടുംമേൽവിലാസം:—
എ. എൻ. ഭട്ട, ചിററൂർ-കൊച്ചിൻ.

# മനുസ്മൃതിഭാഷ.

(പണ്ഡിതർ, ശ്രീ ഇ. വി. രാമൻനമ്പൂതിരി.)

—*തുടർച്ച*—

പത്തുനാളിനപ്പുറംവേണമാ,-വാങ്ങലുംനല്കലും ദൃഢം ;
രണ്ടുംചെയ്യോർനല്കവേണം-അറുനൂറുപണംപിഴ. 223
ദോഷമുള്ളതുരയ്ക്കാതെ,-യാരുകന്യയെനല്കുമോ,
തൊണ്ണൂറാറുപണംദണ്ഡ-മവനേകിടണംനൃപൻ 224
അകന്യയെന്നാരുരച്ചൂ-കന്യയേദോഷമൂലമായ്,
തെളിവില്ലാതായവന്നു-നൽകുന്നൂറുപണംപിഴ. 225
പാണിഗ്രഹണമന്ത്രൌഘ-വിധികന്യകമാരിലാം,
അകന്യമാക്കി,ല്ലക്കൂട്ടർ-ധർമ്മദാരങ്ങളാവ്വരാ. 226
പാണിഗ്രഹണമന്ത്രങ്ങ-ളത്രേഭാര്യാത്വസാധകം;
*ഏഴാംപദന്യാസമാണാ-മന്ത്രസംഘത്തിനാശ്രയം.
ഏതേതുകാര്യംകഴികെ,-യീമട്ടനുശയംവരാം, (227
അങ്ങങ്ങിതിൻവിധംധർമ്മ-മാർഗ്ഗംകാണിയ്ക്കണംനൃപൻ. (228
സ്വാമി-പാലന്മാർക്കുതമ്മിൽ-പശുവർഗ്ഗംനിമിത്തമായ്
വ്യവഹാരംവരുംകാലം-വേണ്ടുംധർമ്മവൃദ്ധമാതുവൻ. (229
പകൽദോഷംപാലനിലാം-രാവിൽസ്വാമിയ്ക്കതദ്ഗൃ-
ഹേ;) (230
പശുക്കൾപാലാധീനങ്ങ-ളെങ്കിൽ,ദോഷമവന്നുതാൻ.
പാലുതാൻ കൂലിയാംഗോപൻ-ഗോനാഥാനുജ്ഞയാന്നു (താൻ,
*ഭൃത്യന്തരംഗ്രഹിയ്ക്കാതെ-കറക്കകദശാര്യയേ. 231
നഷ്ടം,പുഴുത്തുനഷ്ടം,ശ്വ-ഹതം,കുഴിയിലായ്മൃതം,
തൽശ്രമക്കുറവാൽചത്തു-പോയതുംഗോപനേകണം. (232
ഘോഷിച്ചുകള്ളർകട്ടോരു-പയ്യെന്നല്ലേണ്ടപാലകൻ
യഥാകാലം,യഥാദേശം-സ്വാമിയ്ക്കറിവുനല്കുകിൽ. 233
ചെവി,വാൽ,വസ്തി,ചർമ്മം,രോ-ചന,സ്നായുവുമേകണം
സ്വാമിയ്ക്കുപശുചത്തെന്നാൽ-കാട്ടണംമറുചിഹ്നവും (234

അജാവികാവൃകപരി-വൃതമായ്പ്പാലനെന്നിയേ
ഒന്നുകൊല്ലപ്പെട്ടകിലപ്പാപംഗോപന്നുതന്നെയാം 235
കൂട്ടമായ്ക്കാട്ടിൽമേഞ്ഞുംകൊ-ണ്ടിരിയ്ക്കെവൃകമൊന്നി
ചാടിക്കടിച്ചുഹിംസിച്ചാൽ-ഗോപൻപാപംപെ (റെ
റാതദാ. 236
ചുററുംഗ്രാമേപശുക്കൾക്കായ്-നൂറുവില്പാടൊഴിച്ചിടു;
യഷ്ടിപാതംമൂന്നഥവാ;-നഗരേമൂന്നിരട്ടിയും. 237
അങ്ങുണ്ടാംവേലിയില്ലാത്ത-ധാന്യംപശുഭജിയ്ക്കുകിൽ
അതിനുപശുപാലന്ന-പിഴകല്പിയ്ക്കൊലാനൃപൻ 238
ഉഷ്ട്രംകാണാത്തമട്ടങ്ങ-കെട്ടണംവൃതിയുച്ചമായ്;
ശ്വ-സൂകരമുഖക്കേറും-ഛിദ്രവുംതത്രനിർത്തൊലാ. 239
വഴിയ്ക്കടുത്താ.ഗ്രാമത്തി-ന്നടുത്തോസവൃതിസ്ഥലേ,
പശുപോയാൽനൂറുദണ്ഡ്യൻ-പാലൻപശുനിവാര്യ
മാം. 240
മറെറങ്ങാൻവിളതിററീടി-ലൊന്നേകാൽനൂറുദണ്ഡ്യ
പാലൻക്ഷേത്രികനേകേണം-പശുതിന്നോളവും (നാം
ഫലം. 241
പെററിട്ടപുലപോകാപ്പൈ-നടക്കാക്കാളംവൃഷങ്ങളും,
തിന്നാൽഗോപന്നുപിഴയി-ല്ലെന്നത്രേമനുവിൻമതം.
രാജഭാഗാൽപത്തിരട്ടി-പിഴകർഷകനേകണം, (242
തൽപൈക്കൾവിളതിന്നീടിൽ-ഭൃത്യർതീറവുകിലല്പവും
243
ഏവംവ്യവസ്ഥവെയ്ക്കണം-ധാർമ്മികൻമനുജാധിപൻ,
സ്വാമി-പാലപശുവ്രാത-വ്യതിക്രമമുദിയ്ക്കുകിൽ 244
ഗ്രാമങ്ങൾതൻസീമചൊല്ലി-വിവാദംസംഭവിയ്ക്കിലോ
ജ്യേഷ്ഠമാസത്തിലതിരിൻ-ചിഹ്നംപൊത്തുതീർക്കണം.
പ്ലാശു,പേരാ,ലാ,ലിലവും-മരുതും,പനയുംതഥാ (245
പാൽമരക്കൂട്ടവുംവച്ചു-വളർത്തീടുകസീമയിൽ. 246
ഗുല്മങ്ങളും,മുളകളും-വഹ്നി,വള്ളികാം,തിട്ടകാം,
ശരംകുബ്ജകവുംവച്ചു-വളർത്തു;സീമപോയിടാ. 247
(തുടരും)

*സപ്തപദീദാനത്തിനു മുമ്പ് അനുശയം വന്നുപോയാൽ ഉപേക്ഷിയ്ക്കാം, പിമ്പപാടില്ല—എന്നുതാത്പര്യം,
*പത്തുപശുവിനേരക്ഷിയ്ക്കുന്നവന്നു ഒരുപശുവിന്റെ പാൽമുഴുവൻകൂലിയായിട്ടു കറന്നെടുക്കാമെന്നു സാരം.


## ആവശ്യമുണ്ട്.

ഒട്ടവ്, വി. സി, ഇവരുടെ കവിതകളും, കവനകൗമുദി, വിദ്യാവിനോദിനി, രസികരഞ്ജിനി.
മുതലായ സാഹിത്യമാസികകളുടെ പഴയ വാല്യങ്ങളും വിലയ്ക്കു എടുപ്പാൻ ഒരുക്കമുണ്ട്.
കൂടുതൽവിവരത്തിന്നെഴുതുക:—
പ്രയാർ, ശങ്കരൻനമ്പൂതിരി,
A. O. & P. O. കോഴഞ്ചേരി, തിരുവിതാംകൂർ.

# പഴനിയിൽകണ്ട പിറാവുക്കാവടി.

(ശ്രീ, ചിറ്റൂർ തേലക്കാട്ടു പത്മനാഭമേനോൻ.)

കൊല്ലവർഷം ഓരായിരത്തിഅറുപതാമത്ത് കുംഭം മീനം എന്നീമാസങ്ങളിലായി നാല്പത്തൊന്നുദിവസം ഞാൻ പഴനിയിലായിരുന്നു. എന്റെ അടുത്ത വീട്ടുകാരും അടുത്ത ബന്ധുക്കളുമായി സ്ത്രീപുരുഷന്മാരടക്കം മുപ്പതോളം ആളുകൾ ആ യാത്രയിൽ പഴനിക്കു വന്നിരുന്നു. പഴനിമല അടിവാരത്തുനിന്നു വളരെ അടുത്തുള്ള "കുമ്പർ മഠം" എന്ന സത്രത്തിലായിരുന്നു ഞങ്ങൾ വെപ്പും ഊണും കഴിച്ച് താമസിച്ചിരുന്നത്.

ചിറ്റൂരിൽനിന്നു പഴനിക്കു അറുപതു മയിൽസാണ്. തീവണ്ടിയിലൊ ബസ്സിലൊ കാറിലൊ പോകുന്നതായാൽ ഇന്നു ഏതാനും മണിക്കൂറുകൾക്കുള്ളിൽ പഴനിയിൽ പോയിച്ചേരാം. അന്നു പഴനിക്കു തീവണ്ടിയില്ല—കാറും ബസ്സും ഇല്ലെന്നു പറയാതെതന്നെ ആർക്കുമറിയാം.

ഞങ്ങൾ അന്നു പഴനിക്കു പോയിരുന്നതു കാളവണ്ടിയിലായിരുന്നു. ആറു വണ്ടികളിലായി അത്യാവശ്യമായ സാമാനങ്ങളും ഞങ്ങളും യാത്ര ചെയ്തിരുന്നു. പകൽ മുഴുവനും വല്ല സത്രങ്ങളിലും വെപ്പും ഊണും കഴിച്ച് താമസിക്കുകയും രാത്രിയിൽ യാത്രചെയ്യുകയുമായിരുന്നു പതിവ്. ഇങ്ങിനെ പോയാൽ മൂന്നാംദിവസം പഴനിയിൽ ചെല്ലും. മടങ്ങുവാനും അങ്ങിനെതന്നെ. കാളവണ്ടികളും വണ്ടിക്കാരും ഞങ്ങളുടെ സ്വന്തമാകയാൽ വണ്ടികൾ ഞങ്ങൾ താമസിച്ച ദിവസങ്ങളിലെല്ലാം പഴനിയിൽതന്നെ താമസിച്ചതിനാൽ അടുത്ത സ്ഥലങ്ങൾ സാവധാനം കാണുവാനും ഞങ്ങൾക്കു സാധിച്ചു.

ഞങ്ങൾ പഴനിയിൽ താമസിച്ചിരുന്ന ആ കുംഭമീനമാസക്കാലങ്ങൾ പഴനിയിൽ സുഖവാസത്തിനു പറ്റിയ സമയമായിരുന്നു. "വയ്യാപുരി" എന്ന നെടുനീളത്തിൽ കിടക്കുന്ന ആ പൊയ്ക അലയടിക്കുന്ന ശുഭ്രജലങ്ങളാൽ പരിപൂർണ്ണമായിരുന്നു. വാച്ചാലിൽ (പുഴവെള്ളച്ചാലിൽ) രാവും പകലും ശുഭ്രജലം ഒഴുകിക്കൊണ്ടേയിരുന്നു. നെൽവയലുകൾ തളിർത്തുകുളിർത്തു കതിരുകൾ വരത്തക്ക പ്രായത്തിൽ എങ്ങും പ്രശോഭിച്ചിരുന്നു. കരിമ്പ്, ചോളം, തിന, ചാമ എന്നിവ നിരന്ന കതിരുകളോടുകൂടെ ആടിയുലഞ്ഞു നില്ക്കുന്ന കാട്ടുകൾ കണ്ടാൽ കണ്ണും കരളും കുളുർക്കാത്ത മനുഷ്യരുണ്ടാകയില്ല. അക്കാലത്തു പലവിധ സസ്യങ്ങളും പടർന്നു പൂത്തു കായ്ച്ചിരിക്കുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്.

ഞങ്ങളിൽ പലർക്കും നാല്പത്തൊന്നുദിവസം ഭജനമാണ്. കാലത്തും വൈകുന്നേരവും വയ്യാപുരിയിൽ സ്നാനംചെയ്യും, മലകയറും. ഭക്താഭീഷ്ടദായകനായ ശ്രീസുബ്രഹ്മണ്യസ്വാമിയെ ദർശിച്ചു വന്ദിച്ച് അർച്ചന, അഭിഷേകം എന്നിവ കഴിച്ചു പ്രസാദംവാങ്ങി മലയിറങ്ങി കുമ്പർമഠത്തിൽവന്നു ഭക്ഷണം കഴിക്കും. ഒഴിവുള്ള സമയങ്ങളിൽ അടുത്ത പ്രദേശങ്ങൾ പോയിക്കാണുകയും ചെയ്യും

ഞാനും മറ്റു ചിറ്റൂർക്കാരായ എന്റെ കൂട്ടത്തിലുള്ള വേറെ ചിലരും ഒരു ദിവസം സന്ധ്യക്കല്പം മുമ്പ്, വയ്യാപുരിയിൽ സ്നാനവും കഴിച്ചു മലകയറുവാനായി അടിവാരത്തുവന്നു. അപ്പോൾ അവിടെ പഴനിപുല്ലാണിസ്വാമിയാർ ഒരു പിറാവിനെയും കയ്യിൽ പിടിച്ചുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തോടു സംസാരിച്ചതിൽ "ഒരു ഭക്തൻ കാവടിയുമായി ഇപ്പോൾ വരുമെന്നും അദ്ദേഹത്തിന്നു ഈ പിറാവിനെ കൊടുക്കണമെന്നു തനിക്കു ദർശനമുണ്ടായി" എന്നും പറഞ്ഞു. ഞങ്ങളിലോരോരുത്തർക്കും ആ കാവടി വന്നുകണ്ടശേഷം മലകയറിയാൽ മതി എന്നു തോന്നി. അങ്ങിനെ ചെയ്യുവാൻതന്നെ തീർച്ചപ്പെടുത്തി.

എനിക്കു അന്നു വയസ്സു പതിനേഴാണ്. എന്റെ കൂട്ടത്തിലുള്ള മറ്റുപേർ വയസ്സുകൊണ്ടും പഠിപ്പുകൊണ്ടും ലോകപരിചയംകൊണ്ടും എനിക്കു വന്ദ്യന്മാരാണ്. അവരുടെ അഭിപ്രായത്തോടു യോജിച്ചു പിറാവിന്റെയും ദർശനത്തിന്റെയും അനന്തരഫലങ്ങളെയും അറിയണമെന്നുതന്നെ ഞാനും തീർച്ചപ്പെടുത്തി മറ്റുള്ളവരുമൊന്നിച്ച് അവിടെത്തന്നെ നിന്നു.

പിറാവിനെ വഹിച്ചുകൊണ്ടു നിന്നിരുന്ന സ്വാമിയാർ പഴനിയിലുള്ള പുൽപ്പാണിമഠത്തിലെ അപ്പോഴത്തെ അധിപതിയായ സ്വാമിയാരായിരുന്നു. "പുൽപ്പാണിപാടൽ"മുതലായ തമിഴ്കൃതികളുടെ കർത്താവും സിദ്ധനുമായ "പുൽപ്പാണിസ്വാമിയാർ" എന്ന ഒരു മഹായോഗി പഴനിയിലുണ്ടായിരുന്നു. അദ്ദേഹം താമസിച്ചു പരഗതിഅടഞ്ഞ മഠമാണ് പുൽപ്പാണിസ്വാമിയാർ മഠം. ആദ്യത്തെ സ്വാമിയാർക്കുശേഷം ശിഷ്യ

പരമ്പരയിൽനിന്ന ഒരു സ്വാമിയെ ആ മഠാധിപതിയായി നിയമിക്കുകയാണ് പതിവ്. അക്കാലത്തെ മഠാധിപതിയും മാന്യനുമായ സ്വാമിയാർ തന്നെയായിരുന്നു പിറാവിനെയും വഹിച്ചുകൊണ്ടു അന്നു മലയടിവാരത്തിൽ നിന്നിരുന്നത്.

നേരം സന്ധ്യയായി. സ്വാമിദർശനത്തിന്നായി വരുന്ന ജനങ്ങളുടെ തിരിക്കു വർദ്ധിച്ചു. അടിവാരത്തിൽ പിറാവിനെ കയ്യിൽപിടിച്ചു നില്ക്കുന്ന സ്വാമിയാരുടെ ചുറ്റും വളരെ ജനങ്ങൾ വന്നുചേർന്നു. പുതിയ കാവടിയുടെ വരവും പ്രതീക്ഷിച്ചു അവരെല്ലാം ഞങ്ങളെപ്പോലെതന്നെ അവിടെതന്നെ നില്പായി. അവരിൽ ചിലർ "സ്വാമിയാരുടെ ദർശനം, ഉറക്കത്തിൽ കണ്ട സ്വപ്നം, കാവടിയും വരില്ല, ഇവിടെനിന്നിട്ടു കാര്യവുമില്ല." എന്നുംമറ്റും പറഞ്ഞു പരിഹസിച്ചിരുന്നു.

അപ്പോഴേക്കും സ്വാമിയാർ നിന്നിരുന്ന സ്ഥലത്തുണ്ടായിരുന്ന ആ ഗണപതിയുടെ ചെറിയ കോവിലിൽ വിളക്കു കൊളുത്തി. "ഹരോ ഹര" എന്ന ഘോഷം മുഴക്കിക്കൊണ്ടു കുറെ ജനങ്ങൾ തള്ളിക്കയറി മല അടിവാരത്തിലേയ്ക്കുവരുന്നതാണു അപ്പോൾ കണ്ടതു്. ആ ജനങ്ങളുടെ മദ്ധ്യത്തിലുണ്ടായിരുന്ന ഒരാൾ മലയടിവാരത്തിലുള്ളതായ മണ്ഡപത്തിന്റെ മുമ്പിൽ തന്റെ കയ്യിലുണ്ടായിരുന്ന കാവടിയെവെച്ചിട്ടു പെട്ടെന്നു എവിടെയോ പോയി. ജനത്തിരക്കും അവരിൽ ഓരോരുത്തരുടെ ഓരോമാതിരിയിലുള്ള അഭിപ്രായപ്രകടനങ്ങളും വർദ്ധിച്ചുവശായി.

ഉദ്ദേശം 55 വയസ്സു പ്രായം. നല്ല ശക്തിയുള്ള ദേഹം നല്ലവണ്ണം പ്രകാശിക്കുന്ന കണ്ണുകൾ. പരമശാന്തിയെക്കുറിക്കുന്ന മുഖം. തലയും താടിയും വളർത്തിട്ടുണ്ടു്. ഒരു കാവിമുണ്ടു ഉടുത്തിട്ടുണ്ടു്. വേറെയൊരു കാവിമുണ്ടു പൂണുനൂൽപോലെ കെട്ടിയിട്ടുണ്ടു്. അങ്ങനെയൊരു ഭക്തൻ-അതായതു മുമ്പു അവിടെ കാവടി ഇറക്കിവെച്ചആൾ-കുളിയുംകഴിഞ്ഞു കാവടിയുടെ മുമ്പിൽ വന്നിരുന്നു.

ദീപയഷ്ടികളുടെയും വിളക്കുകളുടെയും പ്രകാശംനിമിത്തം രാത്രിയിലെ ഇരുട്ടു തീരെ നീങ്ങി. കാവടിയുടെ പിൻപുറത്തു ആരോ കുറെ കർപ്പൂരം കൊണ്ടുവന്നു വെച്ചു കത്തിക്കുകയുണ്ടായി. അതുകണ്ടു പലരും വലിയ കർപ്പൂരക്കട്ടകൾ അതിൽ കൊണ്ടുപോയി ഇടുകയും വട്ടിക്കണക്കിൽ കൂടിയ കർപ്പൂരക്കട്ടകൾ കത്തിജ്വലിക്കുന്ന കാന്തികൊണ്ടു കാവടി ഇരിക്കുന്ന സ്ഥലവും അതിനടുത്തുള്ള പ്രദേശങ്ങളും പകൽസമയമെന്നപോലെ പ്രകാശമാനമായിത്തീരുകയും ചെയ്തു

കാവടിക്കാരൻ പൂജക്കിരുന്നു. പൂജാദ്രവ്യങ്ങൾ പലരും കൊണ്ടുവന്നു നിരത്തിവെച്ചിരുന്നു. ഭക്തിശ്രദ്ധകളോടുകൂടെ നടത്തുന്ന കാവടിപൂജ കണ്ടുകൊണ്ടു ഞങ്ങൾ അവിടെ നിന്നിരുന്നു. കർപ്പൂരാദിപംകൊണ്ടു കാവടിക്കാരൻ ആരാധന നടത്തുകയും പൂജ സമപ്പിക്കുകയും ചെയ്തു. തൽക്ഷണം അത്ഭുതകരമാംവണ്ണം സ്വാമിയാരുടെ കയ്യിലിരുന്നിരുന്ന ആ മനോഹരമായ പിറാവു്, പറന്നുവന്നു കാവടിക്കാരന്നഭിമുഖമായി ആ കാവടിയുടെ മുകളിൽ നടുവിലായി ഇരുന്നു. നിസ്സംശയം കാവടിക്കാരൻ ആ പിറാവിനെ കൈകൊണ്ടു പിടിക്കുകയും നാളികേരം ഉടക്കുവാനുപയോഗിച്ചു വെട്ടുകത്തികൊണ്ടു അതിനെ ഏഴോ എട്ടോ തുണ്ടുകളായി മുറിക്കുകയും കാവടിയിലുണ്ടായിരുന്ന രണ്ടു പിച്ചളപ്പൊന്തകളിൽ ആ കഷണങ്ങളെ ഇട്ടു അടച്ചു ആ കാവടിയോടുചേർത്തു കെട്ടുകയും ചെയ്തശേഷം വീണ്ടും പൂജ കഴിക്കുകയും ചെയ്തു. വിവിധവികാരങ്ങളുടെ വിളനിലമായ ഹൃദയത്തോടുകൂടി അവിടെക്കൂടിയ ജനങ്ങൾ സശ്രദ്ധം ഈ കാഴ്ചകൾ കണ്ടുകൊണ്ടേ നില്ക്കുകയായിരുന്നു.

പൂജാവസാനത്തിൽ കാവടിക്കാരൻ കാവടിയും എടുത്തുകൊണ്ടു മലകയറിത്തുടങ്ങി. ഞങ്ങളിൽ പലരും അദ്ദേഹത്തെ അനുഗമിച്ചു. ചെറുപ്പംകൊണ്ടു് ഓടുവാനും ചാടുവാനും യാതൊരു പ്രയാസവുമില്ലാത്ത ഞാൻ ദ്രുതഗതിയിൽപോകുന്ന കാവടിക്കാരനെ തുടന്നുതന്നെ പോയി. മലയുടെ മുകളിലായി സാക്ഷാൽ ശ്രീ സുബ്രഹ്മണ്യസ്വാമിയുടെ ആ ദിവ്യവിഗ്രഹസന്നിധാനത്തിൽ കാവടിക്കാരൻ കാവടി ഇറക്കിവെക്കുകയും സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു. ജനത്തിരക്കുകൊണ്ടു് ആ സന്നിധാനം സവിശേഷം പ്രശോഭിച്ചിരുന്നു.

ഭക്തിപുരസ്സരം കാവടിക്കാരൻ വീണ്ടും പൂജ ചെയ്തുതുടങ്ങി. പൂജാവസാനത്തിൽ മാംസഖണ്ഡങ്ങളുടങ്ങിയ രണ്ടു പാത്രങ്ങളെയും അഴിച്ചെടുത്തു തന്റെ മുമ്പാകെ വെച്ചു. വീണ്ടും ആ പാത്രങ്ങളുടെമുമ്പിൽ പൂജനടത്തി പിന്നെ, ദിവ്യതേജസ്സുകൊണ്ടു് ഉജ്ജ്വലിക്കുന്ന നേത്രങ്ങളെക്കൊണ്ടു കാവടിക്കാരൻ സാക്ഷാൽ സുബ്രഹ്മണ്യസ്വാമിയുടെ വിഗ്രഹത്തിൽ—നാം ഇപ്പോഴും കാണുന്ന ആ വിഗ്രഹത്തിൽ—ഏതാനും നിമിഷം ഉറ്റുനോക്കിക്കൊണ്ടിരുന്നു. തദനന്തരം ഒരു പാത്രം അഴിച്ചു് അതിൽ പരിശോധിച്ചുനോക്കി. അതിൽ യാതൊന്നുമില്ല. രണ്ടാമത്തെ പാത്രം കെട്ടഴിച്ചു. അതിൽനിന്നു നാം സ്വാമിയാരുടെ കയ്യിൽകണ്ട പിറാവു്—അതേ പിറാവുതന്നെ—അതിന്റെ വലത്തെ കാലി

# "ശ്രുപടദ്രത"

[മഹാകവി വള്ളത്തോൾ വടക്കേ മലബാറിൽ വെച്ച് കഴിഞ്ഞ മേടത്തിൽചെയ്ത ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം.]

സമസ്തകേരളസാഹിത്യപരിഷത്ത് ഉല്പതിഷ്ണുക്കളായ ചെറുപ്പക്കാർക്കു മതിയാകുന്നില്ല. അതിനാലാണ് പുരോഗമനസാഹിത്യസമിതി ഏൎപ്പെട്ടത്. അതു തുറന്നതു ഞാനാണെന്നാണ് എന്റെ ഓൎമ്മ. അവരുടെ ഉദ്ദേശം മനുഷ്യരുടെ വളൎച്ചയ്ക്കാവശ്യമായ സാഹിത്യം വൎദ്ധിച്ചുവരണമെന്നാണ്. പുരോഗമനസാഹിത്യകാരന്മാരിൽ ഒന്നാംതരം വാസനക്കാരുണ്ട്; വിശിഷ്ടങ്ങളായ പുസ്തകങ്ങൾ അവരാൽ നിൎമ്മിക്കപ്പെടുന്നുമുണ്ട്. ഈ വാസ്തവം കുശുമ്പില്ലാത്ത കണ്ണുകൊണ്ടു നോക്കിയാൽ കാണാം.

അതിനെ സഹായിക്കുന്നതിന്നു പകരം 'ശ്രുപടദ്രത' കൊണ്ടു അതിനെ തച്ചമുക്കാൻ ചില സാഹിത്യകുശലന്മാർ ശ്രമിക്കുന്നതിന്റെ രഹസ്യം എന്തോ? എന്താണീ 'ശ്രുപടദ്രത'? ഈ പദത്തിന്റെ വിധാതാവ് ആ ലിമദ്ധ്യാന്തങ്ങളിൽ കെട്ടുറപ്പ് എന്നാണീപദത്തെ വ്യാഖ്യാനിച്ചിരിക്കുന്നത്. കാലപാശംകൊണ്ടുള്ള കെട്ടോ ആഹവാ 'ഭദ്രം' എന്ന സംസ്കൃതപദത്തിന്നു കെട്ടുറപ്പ് എന്ന അൎത്ഥം ഞാൻകണ്ടിട്ടില്ല. മലയാളത്തിൽ നടപ്പുണ്ട്; എന്നാൽ അത് മലയാളവാക്കാക്കി കല്പിച്ചതാണ്. അപ്പോൾ ഭാവം കാണിക്കാൻ 'ത' എന്നോ 'തം' എന്നോ അല്ല 'ത്തം' എന്നാണ് ചേൎക്കേണ്ടത്. തെമ്മാടി എന്ന അൎത്ഥത്തിലുള്ള 'വികൃതി'യുടെ ഭാവം 'വികൃതിത്ത'മല്ലേ? പോരാ, 'ശ്രുപ'മെന്ന സംസ്കൃതപദത്തോടു ചേൎക്കുമ്പോൾ മലയാളമാക്കപ്പെട്ട 'ഭദ്ര'ത്തിന്റെ 'ഭ' കാരത്തിന്നു ദ്വിത്വവും വരണം. അങ്ങിനെ "ശ്രുപബ്ഭദ്രത്തം" എന്നു പറയാൻ നമ്മുടെ ശ്രുപടദ്രതക്കാരൻ ഒരുങ്ങുമോ എന്നറിയേണ്ടിയിരിക്കുന്നു. ഈ പൂത്താംകീരിപ്പദത്തെ കൊള്ളാനോ തള്ളാനോ വാദിയ്ക്കുന്നതു ഒരു പാഴ്വേലയാണെന്നു നമ്മുടെ യുവലേഖകന്മാരെ ധരിപ്പിക്കാൻവേണ്ടിയാണു ഞാൻ ഇത്രയും പറഞ്ഞതു്.

പുരോഗമനസാഹിത്യക്കാർ പ്രായേണ കമ്യൂണിസ്റ്റ്കളാണെന്നുള്ളതുകൊണ്ടാണോ ഇക്കൂട്ടൎക്കു കണ്ണുകടി? കമ്യൂണിസം ഒരു ചീത്ത ആശയമല്ല. ലോകത്തിലുള്ള സമ്പത്തിനെ സമമായി ഭാഗിച്ച് മനുഷ്യൎക്കെല്ലാവൎക്കും ഒരുപോലെ വളരാനുള്ള സൌകൎയ്യമുണ്ടാക്കിക്കൊടുക്കുക ഇത്യാദികൾ അപലപനീയങ്ങളാണോ? സമ്പത്തിനെ സമമായി വിഭജിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല; എന്റെ കയ്യിൽ പണമൊന്നുമില്ലല്ലോ! കമ്യൂണിസ്റ്റ്കളുടെ ലക്ഷ്യം സൎവ്വഗ്രാഹ്യംതന്നെ. എന്നാൽ ആ ലക്ഷ്യത്തിലേയ്ക്കുള്ള അവരുടെ മാൎഗ്ഗ — അഹിംസയെ വകവെക്കാത്ത പോക്ക് — ഈ ഋഷിരാജ്യത്തിന്നു ചേൎന്നതല്ല. ഇടപ്പനമ്പിൻചുമരിന്മേൽ ഛായാരൂപേണ സന്നിഹിതനായി നമ്മുടെ എല്ലാം നേൎക്ക് വാത്സല്യപ്പുഞ്ചിരി പൊഴിക്കുന്ന നവീനബുദ്ധനാൽ — മഹാത്മാഗാന്ധിയാൽ — നിൎദ്ദേശിക്കപ്പെട്ട മാൎഗ്ഗം ഏതോ അതൊന്നേ ലോകത്തിൽ ശാന്തിയും സന്തൃപ്തിയും ജനിപ്പിക്കുകയുള്ളു. കമ്യൂണിസ്റ്റ്കളുടെ ഹിംസാമാൎഗ്ഗത്തെയല്ലാതെ കമ്യൂണിസത്തെ ഗാന്ധിജി യാതൊരു ഘട്ടത്തിലും ആക്ഷേപിച്ചിട്ടില്ല. നേരെമറിച്ച് അഭിനന്ദിക്കുകയേ ചെയ്തിട്ടുള്ളു. ഹിംസ ഹിംസയെ ക്ഷണിച്ചുവരുത്തുന്നു; അഹിംസയോ സനാതനശാന്തത!

[ഈ പ്രസംഗം 'ശ്രുപടദ്രത'ക്കാരനു തെല്ലൊന്നു മനസ്സിലായതിട്ടുണ്ടെന്നു തോന്നുന്നു. അതുകൊണ്ടാണല്ലോ, സംസ്കൃതവ്യാകരണമൊക്കെ അരച്ചുകലക്കിക്കുടിച്ച ആ പ്രൊഫസർ ഭദ്രതയെ 'കെട്ടുറപ്പിൽ'നിന്നു അഴിച്ചെടുക്കാൻ തുടങ്ങിയതു്. എങ്കിലും, ആ വിദ്വാൻ (കൊല്ലത്തുവെച്ചു) വള്ളത്തോളിനെ വെല്ലുവിളിയ്ക്കുന്നുണ്ട്. അമ്പോ, വ്യാകരണത്തിന്നുണ്ടോ ഇത്ര ലഹരി! ആ വെല്ലുവിളിയെപ്പറ്റി ഞങ്ങൾ പ്രസാധകക്കുറിപ്പിലെ പ്രത്യേകഭാഗത്തിൽ എടുത്തുപറയുന്നുണ്ട്.
പാ. പ]

---

ന്റെ നഖങ്ങൾക്കു സമീപം ചുകന്നസ്ഥലത്തു ഒരു കറുത്തപുള്ളി അടയാളമായി ഞാൻ കണ്ടുപിടിച്ചുവെച്ചിരുന്ന ആ പിറാവു — ചിറകടിച്ചു പുറത്തേയ്ക്കു പറന്നുവരികയും കാവടിയുടെ മുകളിൽ സാക്ഷാൽ സുബ്രഹ്മണ്യസ്വാമിയുടെ വിഗ്രഹത്തിന്നു അഭിമുഖമായി ഇരിക്കുകയും ചെയ്തു. അവിടെക്കൂടിയ സകല ജനങ്ങളും "ഹരഹരമഹാദേവാ" എന്നു നാമസങ്കീൎത്തനംചെയ്തു ഭക്തിയോടുകൂടെ ആ വിഗ്രഹസന്നിധാനത്തിൽ സാഷ്ടാംഗം പ്രണമിച്ചു.

കാവടിയുടെ മുകളിൽ തെല്ലുനേരം വിശ്രമിച്ചശേഷം അസാമാന്യമാഹാത്മ്യം തികഞ്ഞ പിറാവ് അവിടെനിന്നു പറന്നു പല്ലാണിസ്വാമിയാരുടെ തോളിൽചെന്നു ഇരിക്കുകയും അദ്ദേഹം പിറാവിനെയുംകൊണ്ടു അദ്ദേഹത്തിന്റെ മഠത്തിലേക്കു പോവുകയും ചെയ്തു.

ഞാൻകണ്ടതും ഞാനും എന്റെകൂടെയുണ്ടായിരുന്നവരും അന്നു അവിടെക്കൂടിയിരുന്ന അനേകജനങ്ങളും കണ്ടു അത്ഭുതപ്പെട്ടതുമായ സംഗതിയാണ് ഇതു്. പ്രകൃതിശാസ്ത്രം, മരിച്ച ജീവി ജീവിക്കുക അസാദ്ധ്യമാണെന്നു പറയുന്നു. ദൈവചൈതന്യം എന്തെല്ലാം നടത്തുവാൻ സാധിക്കുമെന്ന സംഗതി പ്രാകൃതജനങ്ങളുടെ മനസ്സിന്നു ഗോചരമല്ല. ചരാചരപ്രപഞ്ചത്തെ സൃഷ്ടിച്ചുരക്ഷിച്ചു സംഹരിക്കുന്ന ആ ദിവ്യചൈതന്യം ജയിക്കട്ടെ!

ഒന്നുള്ളതു നീ, ബഹുവായിനിര-
ന്നിന്നുള്ളതുനീ സകലം ഗുഹ! നീ
വന്നുള്ളവപോയവനീതുണയാ
യൊന്നുള്ളതു തുച്ഛരണം ശരണം.

# പ്രസാധകക്കുറിപ്പുകൾ.

കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനം:—

ഈ മിഥുനം 17-ാംനു- (1949 ജൂലായി 1-ാംനു-)യാണല്ലോ കൊച്ചിയും തിരുവിതാംകൂറും സംയോജിച്ചു "കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനം" എന്ന പേരിൽ അവിടെ പുതിയ ഭരണം നടപ്പിലാകുന്നതു്. ഇന്ത്യാഗവർമ്മേണ്ടിന്റെ നിർദ്ദേശാനുസരണം അപ്രകാരം കേവലം സംയുക്തരാജ്യമായിത്തീരുന്ന കൊച്ചി-തിരുവിതാംകൂർ രാജ്യങ്ങളുടെ ഭരണമേധാവിയാവുന്ന "രാജപ്രമുഖൻ" തിരുവിതാംകൂർ മഹാരാജാവായിരിക്കും. അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു മന്ത്രിസഭയ്ക്കു കൊച്ചി, തിരുവിതാംകൂർ എന്നീ ജനപദങ്ങളിൽനിന്നു പ്രാതിനിധ്യമുണ്ടായിരിക്കുന്നതും ആ രാജപ്രമുഖന്റെ അഭിപ്രായപ്രകാരം സാധാരണഭരണം ആ മന്ത്രിസഭ നടത്തുന്നതുമായിരിക്കും. ഈ ഐക്യസംസ്ഥാനത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണു്. ഭരണസൌകര്യത്തെ ആസ്പദിച്ചു ഹൈക്കോടതി, ലാ-കോളേജ് മുതലായ ചില സ്ഥാപനങ്ങൾ എറണാകുളത്തായിരിക്കും. ഈ പുതിയ ഭരണരീതി കൊച്ചി-തിരുവിതാംകൂർ നിവാസികൾക്കു പല നിലയിലും സന്തുഷ്ടിപ്രദവും പ്രയോജനകരവുമായിത്തീരുവാൻ ഭരണമേധാവികൾ നിസ്വാർത്ഥമായി പ്രയത്നിക്കുന്ന പക്ഷം പാരമ്പര്യം, പഴക്കം, ചരിത്രം, ആചാരം മുതലായവയാൽ പുരാതനകാലംമുതൽക്കുതന്നെ സുപ്രസിദ്ധമായ കൊച്ചി-തിരുവിതാംകൂർ രാജവംശങ്ങൾക്കു സംതൃപ്തിക്കേ സംഗതിയുള്ളൂ. ഇങ്ങിനെ കൊച്ചി-തിരുവിതാംകൂർ മാത്രം ഒന്നായതുകൊണ്ടു പല രാജ്യതന്ത്രജ്ഞന്മാരും വളരെ കാലമായി പ്രതീക്ഷിക്കയും, ആശിക്കയും ചെയ്യുന്ന ഐക്യകേരളരൂപവൽക്കരണം, അതായതു മലബാറിനേക്കൂടി ഈ ഐക്യസംസ്ഥാനവുമായി സംയോജിപ്പിക്കൽ, താമസിയാതെ സാദ്ധ്യമാകത്തക്ക പരിതഃസ്ഥിതികൾക്കിടവരുത്തുമെങ്കിൽ, അപ്രകാരമുള്ള "ഐക്യകേരളസംസ്ഥാനരൂപവൽക്കരണ"ത്തിന്റെ നാന്ദിയെന്ന നിലയിൽ ഇന്ത്യാഗവർമ്മേണ്ടിന്റെ രാഷ്ട്രീയനാടകത്തിലെ സൂത്രധാരനായ സർദ്ദാർ പട്ടേലിനാൽ ചെയ്തുവെയ്ക്കപ്പെടുന്ന ഈ പുതിയ രാജ്യഭരണരീതി ശുഭപ്രതീക്ഷാപരമായ ഒരു ഭാവിയെ ആയിരിക്കും കുറിക്കുന്നതെന്നു് ഞങ്ങൾ നിർവ്യാജം അഭിപ്രായപ്പെടുന്നു.

ശ്രീ. ടി. കെ. കൃഷ്ണമേനോന്റെ നിര്യാണം:—

സാഹിത്യകുശലൻ ശ്രീ ടി. കെ. കൃഷ്ണമേനോന്റെ നിര്യാണം അടുത്തകാലത്തു് ഭാഷാസാഹിത്യലോകത്തിനു സംഭവിച്ച ഒരു അപരിഹാര്യമായ നഷ്ടമാണു്. ഒരു ഉത്തമ സഹൃദയനും, ചരിത്രകാരനും, ഉദാരമതിയും, ദൈവഭക്തനും, സമുദായോൽക്കർഷേച്ഛുവുമായിരുന്നു അദ്ദേഹം. വാർദ്ധക്യദശയിൽപ്പോലും ഭാഷാഭിവൃദ്ധിയെ ലാക്കാക്കി പലവിധത്തിൽ പ്രശംസാർഹമായി പ്രവർത്തിക്കയും, യുവസാഹിത്യകാരന്മാരെയും മറ്റും പ്രോത്സാഹിപ്പിക്കുകയുംചെയ്തുകൊണ്ടാണദ്ദേഹം സ്വൈരജീവിതം നയിച്ചുവന്നിരുന്നതു്. അദ്ദേഹത്തെപ്പോലെ പഴക്കവും, തഴക്കവുംചെന്നഭാഷാസാഹിത്യനായകന്മാരുടെ അഭാവംമൂലം വലിയ സങ്കടമാണു് യഥാർത്ഥസാഹിത്യപ്രണയികൾക്കുള്ളതു്. "പാരിജാത"ത്തെ ബാലനിലയിലും പരിപോഷിപ്പിക്കുവാൻ അദ്ദേഹം ആദ്യംമുതൽക്കു ഉത്സുകനായിരുന്നു. അങ്ങിനെയുള്ള യഥാർത്ഥബന്ധുക്കൾ നഷ്ടമാകുന്നതു കേവലം പിഞ്ചുതയ്യായ പാരിജാതത്തിനു വലിയ കോട്ടവും വാട്ടവുമാണു വരുത്തിവെച്ചിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ.

"അലംഘനീയാകമലാസനാജ്ഞാ" എന്ന മഹദ്വാക്യാനുസരണം ഞങ്ങൾ തൽക്കാലം സമാധാനപ്പെടുകയും, അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സഹധർമ്മിണിക്കും പുത്രീപുത്രന്മാർക്കും സംഭവിച്ച കഠിനമായ വ്യസനത്തിൽ അനുശോചിക്കയും, അദ്ദേഹത്തിന്റെ പരിശുദ്ധാത്മാവിനു നിത്യസമാധാനം നേരുകയും ചെയ്തുകൊള്ളുന്നു.

പ്രൊഫസ്സർ മുണ്ടശ്ശേരിയുടെ വെല്ലുവിളി:—

അഖിലകേരളപുരോഗമനസാഹിത്യസമ്മേളനത്തിന്റെ ഒരു മഹായോഗം കൊല്ലത്തുവെച്ചു ഇതിനിടെ ഗംഭീരമായി നടന്നിരിക്കുന്നു. പ്രസ്തുത സമ്മേളനസംബന്ധിച്ചുള്ള ചർച്ചായോഗത്തിൽ അദ്ധ്യക്ഷപീഠം അലങ്കരിച്ചുകൊണ്ടു പ്രൊഫസ്സർ മുണ്ടശ്ശേരി മഴപെയ്യുംപോലെ പ്രസംഗിച്ചു സദസ്യരെ ആവേശത്തിൽ കുളിപ്പിച്ചുപോൽ! പ്രൊഫസ്സരുടെ പ്രസംഗാനന്തരം, അദ്ദേഹം വലിയ ഒരു വൈയ്യാകരണനാണെന്നും, ഇന്നു കേരളത്തിൽ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മയും, പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മയുംമറ്റുമില്ലാത്ത കോട്ടം അദ്ദേഹം തന്റെ ഉറച്ച വ്യാകരണപാണ്ഡിത്യംകൊണ്ടു വെളിവാക്കിയിരിക്കുന്നുവെന്നുമാകുന്നു ഞങ്ങൾ മനസ്സിലാക്കിയതു്. അദ്ദേഹത്തിന്റെ അനുയായികൾക്കു ഞങ്ങളുടെ ഈ അഭിപ്രായം നിശ്ചയമായും കാര്യമായ കൃതാർത്ഥതയ്ക്കു വഴിയാകട്ടെ. ചർച്ചായോഗത്തിൽ, കല ഭാവപ്രധാനമായിരിക്കണമോ രൂപപ്രധാനമായിരിക്കണമോ എന്ന സംഗതിയിലുള്ള അഭി

പ്രായത്തെ ആസ്പദിച്ചു, "താൻ പിടിച്ച മുയലിന്നു നാലുകൊമ്പ്" എന്ന നിലയിൽ മുണ്ടശ്ശേരിസ്സാർ, "ശ്രാദ്ധത്ത്"യിൽത്തന്നെ തൂങ്ങിപ്പിടിച്ചു നിൽക്കുവാൻവേണ്ടി ചില "വിശേഷസംഗതികൾ" അസ്ഥാനത്തു വെളിപ്പെടുത്താതിരുന്നില്ല. മാത്രമല്ല, "ശ്രുപദ്രേതാവാദകാലാഹ"ത്തെ പരാമർശിച്ചു അദ്ദേഹം എങ്ങോ ഇരിക്കുന്ന മഹാകവി വള്ളത്തോളിനെ പ്ര. സാ. സമ്മേളനപ്പന്തലിലേക്കു വലിച്ചിഴക്കുവാൻ ശ്രമിക്കുകയുമുണ്ടായി. അദ്ദേഹം പറയുകയാണത്രെ, "വള്ളത്തോളിന്നു കേരളപാണിനീയംവരെയുള്ള അറിവുമാത്രമേ വ്യാകരണത്തിൽ ഉള്ളൂ; ഞാൻ ഉപരിഗ്രന്ഥങ്ങൾ പഠിച്ചിട്ടുണ്ട്. ശിക്ഷ, നിരുക്തം ഇവയൊക്കെപ്പഠിച്ചിട്ടുവേണം വള്ളത്തോൾ ഇതിൽ അഭിപ്രായം പറയുവാൻ. ഈ പദപ്രയോഗം ശരിയാണെന്നു വള്ളത്തോളിനെ ഞാൻ വെല്ലുവിളിക്കുന്നു" ശാന്തം പാപം! ഒരു യഥാർത്ഥമഹാകവിയും ഇപ്പോൾ ആസ്ഥാനകവിയുംകൂടിയായ വള്ളത്തോളിന്റെ പഠിപ്പിനെപ്പറ്റി മുണ്ടശ്ശേരിമൂപ്പരിപ്പോൾ ചോദ്യംചെയ്യുന്നതു കേൾക്കുമ്പോൾ, "കസൂര്യപ്രഭവോവംശഃ" എന്നിത്യാദി രഘുവംശപദ്യങ്ങളാണ് ഞങ്ങൾക്കോർമ്മവരുന്നത്. വള്ളത്തോളിന്റെ വ്യാകരണജ്ഞാനത്തിന്റെ മാനദണ്ഡം കേവലം ഒരു ശാസ്ത്രമാസ്റ്ററും, പിന്നീടു പ്രൊഫസ്സറുമാകാനിടയായ മുണ്ടശ്ശേരിസ്സാർ മുറുകെപ്പിടിച്ചുവെച്ചിരിക്കയാണെന്നു തോന്നും അദ്ദേഹം അഹമഹമികയാ പുലമ്പുന്ന അർത്ഥശൂന്യങ്ങളായ അഭിപ്രായങ്ങൾ കേൾക്കുമ്പോൾ. "ശിക്ഷയും, നിരുക്തവും" മറ്റും പഠിച്ചു പതിനെട്ടടവും പയറ്റിനോക്കിയ പ്രൊഫസ്സർ "ഉദലദമറിയ", "കണ്ണുഭൂഷണം", "പിംഗള" മുതലായ കാവ്യങ്ങളെ വിശേഷവ്യാഖ്യാനിരൂപണം ചെയ്തകാലത്തു അനുഗ്രഹത്തിന്നുലഭിച്ച ഒന്നാന്തരം ഡോസുകളെപ്പറ്റി ഇനിയും അനുസ്മരിക്കാത്തതിലാണ് ഞങ്ങൾക്കു ആശ്ചര്യം തോന്നുന്നത്. പോരെങ്കിൽ, പ്രൊഫസ്സർ വള്ളത്തോളിനെ വെല്ലുവിളിക്കുന്നുപോൽ! മഹാശയന്മാരായ യഥാർത്ഥകവികളെ ദൂഷിച്ചു വല്ലതും പുലമ്പിയാൽ ആ വഴിക്കും കുപ്രസിദ്ധിനേടി പൊതുജനസമക്ഷം എളുപ്പത്തിൽ അറിയപ്പെടുവാനിടവരുവാനാണു പണ്ടേയ്ക്കുപണ്ടേ മുണ്ടശ്ശേരിസ്സാർ ഇങ്ങിനെയുള്ള അടവുകളെല്ലാമെടുത്തുവന്നിട്ടുള്ളതെങ്കിൽ അദ്ദേഹത്തിന്റെ പ്ര. സാ. സമ്മേളനപ്പന്തലിലല്ലാതെ ഇത്തരം പിത്തലാട്ടങ്ങൾ ചെലവാവുകയില്ലെന്നു അദ്ദേഹം ഒന്നു നല്ലപോലെ മനസ്സിലാക്കിയാൽ നന്ന്. വിദ്യ, ആരുടെ അടുക്കൽനിന്നും അഭ്യസിക്കാമെന്നുണ്ട്. അതിനാൽ ആ മഹാവൈയാകരണനായ മുണ്ടശ്ശേരി പ്രൊഫസ്സറെ സമീപിച്ചു ഇനിയെങ്കിലും വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിക്കുവാൻ മഹാകവി വള്ളത്തോളിനോടു ഞങ്ങളൊന്നു ശുപാർശിചെയ്തുനോക്കട്ടെ! കവികൾ വലിയ വൈയാകരണന്മാരായിക്കൊള്ളണമെന്നുള്ള യഥാർത്ഥനിയമം സാഹിത്യവിജ്ഞാനമുള്ളവർ അത്രവേഗത്തിൽ സമ്മതിച്ചുകൊടുക്കുമോ എന്നുകൂടി മുണ്ടശ്ശേരി അവർകൾ മനസ്സിലാക്കാത്തതിലു ഞങ്ങൾക്കു അദ്ദേഹത്തിന്റെ മർക്കടമുഷ്ടിയിൽ അനുതാപമാണുള്ളത്. ഏതായാലും വലിയ ശിഷ്യസമ്പത്തുകളുള്ള - പ്രത്യേകിച്ചു പുരോഗമനക്കാരായ ചില പുത്തൻകൂറുകാർ - മുണ്ടശ്ശേരിസ്സാറിന്നു വള്ളത്തോൾപ്രഭൃതികളെക്കൂടി തന്റെ ശിഷ്യന്മാരാക്കുവാൻ സംഗതിവരുന്നതു അദ്ദേഹത്തിന്നും, അദ്ദേഹത്തിന്റെ അനുയായികൾക്കും ചാരിതാർത്ഥ്യത്തിന്നിടയാവുമെങ്കിൽ അങ്ങിനെയാവട്ടെ. ഇപ്പോൾ ഇത്രമാത്രം.

### ശ്രീമതി വിജയലക്ഷ്മിക്കും സർ സി. വി. രാമന്നും ബഹുമതികൾ:—

അമേരിക്കയിലെ ഐക്യസംസ്ഥാനത്തിൽ ഇന്ത്യയുടെ സ്ഥാനപതിയായിരിക്കുന്ന ശ്രീമതി വിജയലക്ഷ്മിക്കു ഹൊവർഡ് (അമേരിക്കയിലെ ഐക്യസംസ്ഥാനം) വിശ്വവിദ്യാലയം ആ സ്ഥാപനത്തിലുള്ള വിവിധവകുപ്പുകളിലെ പ്രതിനിധികളുടെ ഒത്തൊരുമിച്ചുള്ള അഭിപ്രായാനുസരണം ഡോക്ടർ (Honorary Degree of Doctor of Laws) എന്ന ബഹുമതി നൽകിയിരിക്കുന്നു. ബാംഗ്ലൂരിലെ രാമൻ ഗവേഷണശാലയിലെ ഡയറക്ടറും, ഫിസിക്സിൽ "നോബൽ" സമ്മാനം നേടിയ ദേഹവും, വിശ്വവിഖ്യാതനായ ശാസ്ത്രജ്ഞനുമായ സർ സി. വി. രാമൻ പാരീസ്സിലെ സയൻസിനെ സംബന്ധിച്ചുള്ള ഫ്രഞ്ചു അക്കാഡമിയിലെ ഒരു അസ്സോസിയേറ്റു മെമ്പറായും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു പ്രധാനസംഗതികളും ഇന്ത്യക്കാർക്കു പരക്കെ അഭിമാനജനകമാണെന്നു പറഞ്ഞേ കഴിയൂ.

### ഞങ്ങളും ഞങ്ങളുടെ മാന്യവരിക്കാരും:—

"പാരിജാതം" 2-ാം പുസ്തകം ഈ വരുന്ന കർക്കടകത്തിൽ പൂർത്തിയാകും. ഞങ്ങൾ അതിന്നുവേണ്ടി ആത്മാർത്ഥമായി പ്രയത്നിക്കുന്നുണ്ട്. എന്നാൽ, പാരിജാതത്തോട് ഉള്ളഴിഞ്ഞ വാത്സല്യം പ്രദർശിപ്പിക്കുന്ന പല മാന്യവരിക്കാരും, തങ്ങളുടെ വരിസംഖ്യ യഥാകാലം - ചിലർ എപ്പോഴും മുൻകൂറായിട്ടുതന്നെ - അയച്ചു ഞങ്ങളെ നിർവ്യാജം സഹായിച്ചിട്ടുള്ളതിനാൽ അവരോടു ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമാകുന്നു. ഒന്നാംപുസ്തകത്തിന്റെ വരിസംഖ്യ മുഴുവനടച്ചശേഷം, രണ്ടാംപുസ്തകത്തിന്റെവകയ്ക്കു ഇതുവരെ ഒന്നുംതന്നെ അടയ്ക്കാത്തവരായ വരിക്കാരുമുണ്ട്. അവർ സംഗതിവശാൽ അമാന്തിച്ചുപോയിട്ടുള്ളതാണെന്നും, നിശ്ചയമായും രണ്ടാംപുസ്തകത്തിന്റെ വരിസംഖ്യ ഒ

ട്ടും താമസിയാതെ അയച്ചുതന്നു ഞങ്ങളെ സഹായിക്കുമെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നുണ്ട്. എന്നാൽ, രണ്ടാംപുസ്തകം മുഴുമിക്കാറായിട്ടും വരിസംഖ്യവകയിൽ യാതൊന്നും അയച്ചുതരുവാൻ-ഞങ്ങൾ തുടരെത്തുടരെ അഭ്യൎത്ഥിക്കകൂടി ചെയ്തിട്ടും-സന്മനസ്സുകാട്ടാത്ത ചില മാന്യവരിക്കാരും ഞങ്ങളുടെ റജിസ്റ്ററിൽ ഉണ്ട്. അവരിൽ ചിലർ, വീണ്ടുംവീണ്ടും ഞങ്ങൾ വരിസംഖ്യക്കായി അഭ്യൎത്ഥിക്കുമ്പോൾ, മാസിക ചിലപ്പോൾ കിട്ടാറില്ലെന്നും, തങ്ങളുടെ സമ്മതമില്ലാതെയാണ മാസിക അയച്ചുതുടങ്ങിയതെന്നും, അതിനാൽ വരിപ്പണത്തിന്നു അവർ ഉത്തരവാദികളല്ലെന്നും ഞങ്ങളെ അറിയിച്ചിട്ടുണ്ടെന്നുള്ള വസ്തുവും ഇവിടെ മറച്ചുവെയ്ക്കുന്നില്ല. അത്തരക്കാരോടു ഞങ്ങൾ താഴ്മയായി ചോദിക്കുന്നതു. ഇത്ര കാലമായിട്ടും മാസിക കൈപ്പറ്റിയശേഷം പണത്തിന്നാവശ്യപ്പെടുമ്പോൾമാത്രം അവർ ഇങ്ങിനെ ഒരു ന്യായം പറയുന്നതു ശരിയാണോ എന്താണ്? അവൎക്കു മാസിക ആവശ്യമില്ലെങ്കിൽ അവർ ആദ്യത്തെയോ രണ്ടാമത്തെയോ കൈപ്പറ്റുമ്പോൾ "ആവശ്യമില്ല" എന്നെഴുതിമടക്കേണ്ടതായിരുന്നു. മാസികാപ്രവൎത്തകന്മാർ മാന്യന്മാരായ പല ഭാഷാഭിമാനികൾക്കും മാസിക അയക്കുന്നതു അവരുടെ സമ്മതം കാലേകൂട്ടി വരുത്തിവെച്ചിട്ടുവേണമെന്നു പറയുന്നതു ഒരുവിധം ന്യായീകരിക്കപ്പെടുന്നതാണെങ്കിൽകൂടി, യാതൊരു പത്രപ്രവൎത്തകനോ, മാസികാപ്രവൎത്തകനോ അപ്രകാരം മുൻകൂറായി എഴുതി അവരുടെയൊക്കെ അനുവാദം വരുത്തിവെയ്ക്കുകയെന്നതു ക്ഷിപ്രസാദ്ധ്യമല്ല. ഒരുവിധം ഭാഷാഭിലാഷവും, ഭാഷാഭിമാനവുമുള്ളവരെന്നു ഞങ്ങൾ സങ്കല്പിക്കുന്നവൎക്കു ഞങ്ങൾ-പത്രമാസികാപ്രവൎത്തകന്മാരൊട്ടാകെ എന്നുതന്നെ പറയട്ടെ-യാതൊരു മുന്നറിവും കൊടുക്കാതെ മാസിക അയക്കുകയെന്നതു സൎവ്വസാധാരണമാണ്. ഇനി മറെറാരുതരം വരിക്കാരുണ്ട്. അവരുടെ ന്യായം, തങ്ങൾക്കു മാസിക ശരിക്കു കിട്ടാറില്ലെന്നും, അതിനാൽ തങ്ങൾ വരിപ്പണത്തിന്നുത്തരവാദികളല്ലെന്നുമാകുന്നു. മാസിക അത്തരക്കാൎക്കു ശരിക്കു കിട്ടാറില്ലെങ്കിൽ അതു അവരുടെ മേൽവിലാസത്തിലുള്ള വ്യത്യാസത്താലോ അഞ്ചൽ-തപാൽക്കാരാലോ ആവാനേ സംഗതിയുള്ളൂ. അങ്ങിനെയാണെങ്കിൽ അവർ അപ്പപ്പോൾ ഞങ്ങളെ വിവരം അറിയിക്കേണ്ടതാണ്. അല്ലാതെ വരിപ്പണം ചോദിക്കുമ്പോൾമാത്രം അത്തരം ന്യായങ്ങൾ പറയുന്നതു ശരിയാണോ എന്നു അവർതന്നെ തീർച്ചപ്പെടുത്തട്ടെ. മാസിക തങ്ങൾക്കു ഇനി ആവശ്യമില്ലെന്നു പറയുന്ന മറെറാരുതരക്കാർ അപ്രകാരം ഞങ്ങൾക്കെഴുതുമ്പോൾ അവർ ബാക്കിവെച്ചിട്ടുള്ള പണവുംകൂടി അയച്ചുതരുന്നതല്ലേ മൎയ്യാദ? എന്നാൽ, ആ വകുപ്പിൽപ്പെട്ട ചുരുക്കം ചിലർ അങ്ങിനെ ചെയ്യാതിരിക്കുന്നില്ല. ഇങ്ങിനെ "ബഹുജനം പലവിധം" എന്ന നിലയിലാണ "പാരിജാത" വരിക്കാരിൽ പലരുടെയും ഇന്നത്തെ നില. അപ്രകാരമുള്ളവരുടെ ആവക ദാക്ഷിണ്യരഹിതമായ നയംകൊണ്ട് ഞങ്ങൾക്കു പിണയുന്ന കഷ്ടനഷ്ടങ്ങൾ ഒട്ടും ചില്ലറയല്ല. ഞങ്ങളുടെ സദുദ്ദേശത്തിന്റെയും, ആത്മാൎത്ഥമായ പ്രയത്നത്തിന്റെയും ഫലം ഇപ്രകാരം ഞങ്ങൾക്കു ആശാഭംഗത്തിന്നിടവരുത്തുന്നതാണെന്നു അറിയുവാൻതക്ക വിശേഷജ്ഞാനമുള്ളവരാണവരെന്നു ഞങ്ങൾക്കറിയാം. വരിപ്പണം പിരിഞ്ഞുകിട്ടുന്നതിൽ വന്നുകൂടുന്ന പ്രയാസങ്ങളെയും, പ്രോത്സാഹതക്കുറവുകളേയും മുൻനിൎത്തി ഞങ്ങൾ ഇത്രയൊക്കെ പ്രത്യക്ഷമായി പ്രസ്താവിക്കുന്നതുകൊണ്ട് ഞങ്ങളുടെ യഥാൎത്ഥബന്ധുക്കൾക്കു ഞങ്ങളോടു ഒരുവിധത്തിലും നീരസത്തിന്നു വഴിയുണ്ടാവുകയില്ലെന്നാണ ഞങ്ങളുടെ വിനീതമായ വിശ്വാസം. ആകയാൽ, വരിപ്പണം ബാക്കിവെച്ചിട്ടുള്ള മാന്യവരിക്കാർ, മാസികാപ്രവൎത്തനവിഷയത്തിൽ ഞങ്ങൾ അനുഭവിക്കുന്ന ദുസ്സഹമായ ബുദ്ധിമുട്ടുകളാലാണ ഇത്രയൊക്കെ സങ്കടത്തോടേ പറയുന്നതെന്നു ദയാപൂൎവ്വം മനസ്സിലാക്കി, ഇനിയെങ്കിലും യാതൊരു താമസത്തിന്നുമിടവരുത്താതെ തങ്ങളുടെ വരിസംഖ്യമുഴുവൻ തീർത്തു തന്നു ഞങ്ങളെ സഹായിച്ചു അവരുടെ ഭാഷാപോഷണാഭിലാഷത്തെ പ്രസ്പഷ്ടമാക്കുമെന്നു ഞങ്ങൾ ആത്മാൎത്ഥമായി ആശിക്കട്ടെയോ? കൊല്ലത്തിൽ 4 ക. യാണ പാരിജാതത്തിന്റെ വരിസംഖ്യ. അതു മറ്റുമാസികകളെ അപേക്ഷിച്ചു താരതമ്യേന കുറവുമാണ്. ആ തുച്ഛമായ സംഖ്യ യഥാകാലം അടച്ചു ഞങ്ങളെ സഹായിക്കുവാനുള്ള ഉത്തരവാദിത്വബോധം ഈ താഴ്മയായ അഭ്യൎത്ഥനമൂലമെങ്കിലും അവൎക്കെവൎക്കും ഉണ്ടാകുവാൻ സൎവ്വേശ്വരൻ സംഗതിവരുത്തുമാറാകട്ടെ എന്നുകൂടി ഞങ്ങൾ ഇവിടെ പറയുന്നുണ്ടെങ്കിൽ അതും അസ്ഥാനത്തിലല്ല.